# ഭാഗം 6

ആധുനിക മലയാള സാഹിത്യത്തിലെ സമ്പുഷ്ടമായ ശാഖകളാണ് നോവലും ചെറുകഥയും . ചെറുകഥ ഏറെ പരിവർത്തനങ്ങൾക്ക് വിധേയമായി ശക്തിയും സൗന്ദര്യവും കൈവരിച്ചിരിക്കുന്നു. ഏതെങ്കിലും ഒരനുഭൂതിവിശേഷത്തെ സമഗ്രമായി ആവിഷ്കരിച്ച് ചിന്തയെയും വികാരത്തെയും ഉദ്ദീപ്തമാക്കാൻ കഴിയുന്ന നിരവധി ചെറുകഥകൾ മലയാളത്തിൽ ഉണ്ടായിട്ടുണ്ട്.

ഭ്രമാത്മകമായ ഒരു ലോകത്ത് നമ്മെ കൂട്ടിക്കൊണ്ടു പോകുന്ന കഥയാണ് എൻ.പി. മുഹമ്മദിന്റെ ലോകാവസാനം. സാമൂഹിക ജീവിതത്തിലെയും വ്യക്തി ജീവിതത്തിലെയും സങ്കീർണ സമസ്യകൾക്ക് ഭ്രമാത്മകതയുടെ ആവരണമണിയിക്കുകയാണ് അദ്ദേഹം. പി. വത്സലയുടെ കാവൽ എന്ന ചെറുകഥയിൽ വയനാട്ടിലെ കാർഷികജീവിതത്തിന്റെ മനോഹരമായ ചിത്രം കാണാം. ദുഃഖങ്ങളും ദുരിതങ്ങളും പ്രത്യാശകളും ഇടചേർന്ന ആ ജീവിതം കഥാകാരി ഉൾക്കാഴ്ചയോടെ അവതരിപ്പിക്കുന്നു.

സാഹിത്യത്തിലെ ആധുനിക ശാഖയാണ് നോവൽ. ഹ്രസ്വമായ കാലയളവിൽ എണ്ണം കൊണ്ടും ഗുണം കൊണ്ടും അനല്പമായ വളർച്ചയാണ് ഈ സാഹിത്യശാഖ കൈവരിച്ചിട്ടുള്ളത്. ചുരുങ്ങിയ കാലത്തെ ചരിത്രമേ ഉള്ളുവെങ്കിലും മലയാള നോവൽ വിപുലവും വൈവിധ്യപൂർണവുമാണ്. പ്രസ്ഥാനങ്ങളായും സമ്പ്രദായങ്ങളായും ഭിന്നത പുലർത്തുന്ന ഈ സാഹിത്യസഞ്ചയം ഏറെ പഠനങ്ങൾക്ക് സാധ്യതയുള്ളതാണ്. അതിലേക്ക് വഴികാട്ടുന്നതാണ് ഡോ.എം.എം.ബഷീറിന്റെ ലേഖനം. ഏതാനും നോവൽ ഭാഗങ്ങൾ മുൻക്ലാസുകളിൽ പരിചയപ്പെട്ടു. പഠനപ്രവർത്തനങ്ങൾക്കായി നോവലുകൾ വായിക്കാനും അവസരം ലഭിച്ചു. ഇനി വ്യത്യസ്ത വിഭാഗങ്ങളിലെ നോവലുകളുടെ സവിശേഷതകൾ അടുത്തു കണ്ടറിയാനും അപഗ്രഥിക്കാനും കഴിയണം. അതിനുള്ള സൂചനകൾ ഈ ലേഖനം നൽകുന്നുണ്ട്.

നോവലുകളെയും ചെറുകഥകളെയും ഉൾപ്പെടുത്തി കഥാസാഹിത്യം എന്നു പറയാം. പാശ്ചാത്യസാഹിത്യത്തിന്റെ സ്വാധീനം കൊണ്ട് വളർന്നുവന്ന ഒരു മേഖലയാണിത്. പാശ്ചാത്യലോകത്ത് ഉണ്ടാകുന്ന അലകളുടെ പ്രതിസ്പന്ദം വളരെ പെട്ടെന്നുതന്നെ ഇവിടെയും അനുഭവപ്പെടുന്നു.

സാമാന്യ വായനയിൽത്തന്നെ നമ്മുടെ കഥാലോകത്തിന്റെ വൈവിധ്യം തിരിച്ചറിയാൻ കഴിയുന്നതാണ്. ഓരോ വായനയിലും പുതിയ പുതിയ കണ്ടെത്തലുകൾക്ക് അവസരം നൽകുന്ന കഥകളും കുറവല്ല. ഈ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് പഠനം നിർവഹിക്കാൻ ശ്രദ്ധിക്കണം.

ഈ പാഠങ്ങളിലൂടെ താഴെ കൊടുത്തിരിക്കുന്ന ഭാഷാപരമായ ശേഷികൾ നേടേണ്ടതുണ്ട്.

- കഥകൾ ഭാവമുൾക്കൊണ്ട് വായിച്ചവതരിപ്പിക്കുന്നതിന്
- അഭിരുചിക്കനുസരിച്ച് കഥാരചനയിൽ ഏർപ്പെടുന്നതിന്
- കഥകളിലെയും നോവലുകളിലെയും പാത്രസൃഷ്ടി, ആഖ്യാനരീതി തുടങ്ങിയവ വിശദീകരിക്കുന്നതിന്
- കഥകളിലെ സംഭാഷണഭാഷയുടെ സവിശേഷതകൾ വിവരിക്കുന്നതിന്
- കഥകൾ താരതമ്യം ചെയ്ത് പഠനങ്ങൾ തയാറാക്കുന്നതിന്
- കഥാസാഹിത്യത്തിന്റെ വളർച്ച ചിത്രീകരിക്കുന്ന സാഹിത്യചരിത്രം തയാറാക്കി സെമിനാറുകളിൽ അവതരിപ്പിക്കുന്നതിന്
- കഥാചർച്ചകളിൽ പങ്കെടുത്ത് സ്വന്തം വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതിന്.
- പദഘടനയും വാക്യഘടനയും അപഗ്രഥിക്കുന്നതിന്

# 16. കാവൽ

തിരുവോളമ്മ കൊടുത്ത തണുത്ത ചോറുണ്ട്, അടുക്കളമുറ്റത്തെ മുളമ്പാത്തിക്കു ചുവട്ടിൽ കൈകഴുകുമ്പോൾ തന്റെ അപ്പൻ ചെയ്യുന്നതുപോലെ താഴെ കതിരണിഞ്ഞു തുടുത്തു നിൽക്കുന്ന നെൽക്കണ്ടങ്ങളിലേക്ക് അവൻ പരന്നൊരു നോട്ടമയച്ചു. ഇന്നു താനാണ് കാവലിന്. ഇന്നലെ വരെ കൂരിയാട്ടി. പച്ചമാങ്ങയും കടിച്ചു മുറിച്ചു വെയിലു കൊണ്ടു നടന്ന ചെക്കൻ! കാലികളുടെ പിന്നാലെ കാടുതോറും നടന്നവൻ!

'ഇന്നാരാ കാവലിന്?' സന്ധ്യയ്ക്ക് മുല്ലത്തറയിൽ തിരിവച്ചുതൊഴുത തിരുവോളമ്മ ആലയിലെ കടച്ചികളെ പാകത്തിന് കെട്ടിയിട്ട് തമ്പ്രാനോട് ചോദിച്ചു:

'ജോഗി!'

അവന്റെ മുഖം സന്തോഷംകൊണ്ടു വിടർന്നു.



കാവല്ക്കാരൻ ജോഗി! കാലിച്ചെക്കനല്ല! ആലയുടെ പുറകിൽ ഒരു മുളങ്കഷണം കടിച്ചുകൊണ്ടു നിന്ന അവൻ ഒരടി മുന്നോട്ടു കയറി നിന്നു.

തിരുവോളമ്മ അവനെ നോക്കി. ഒരു ചെറിയ മന്ദഹാസം അവന്റെ ചുണ്ടുകളെ കോട്ടി. അവൻ തല താഴ്ത്തി.

'അടുക്കളപ്പുറത്തേക്കു വായോ? കത്തലടക്കീട്ടു പോ–'

അവൻ വലിയ ഉത്സാഹത്തോടെ കൈ രണ്ടും വീശി തലയുയർത്തി, സന്ധ്യയുടെ ഇരുട്ടിലൂടെ കാടിന്റെ നിഴൽ വീണ അടുക്കളമുറ്റത്തേക്കു ചോറുണ്ണാൻ ചെന്നു.

ഒറ്റക്കയ്യൻ ചീനച്ചട്ടിയിൽ തണുത്ത ചോറും രണ്ടരിപ്പറങ്കികളും രണ്ടു കല്ലുപ്പും. അവന്നു തൃപ്തിയായി. തന്നെ ഒരടിയാനായി തമ്പ്രാൻ കരുതിത്തുടങ്ങിയിരിക്കുന്നു. അതുകൊണ്ടാണ് അപ്പനു പകരം പന്നിക്കാവലിന് ഇന്നു തന്നെയാക്കിയത്.

ഊണു കഴിഞ്ഞ്, ഏമ്പക്കമിട്ട്, ചെങ്കണ്ണു പിടിച്ച കണ്ണ് തുളസിത്തറയിൽ അപ്പോഴും കത്തിക്കൊണ്ടിരുന്ന തിരിയിൽ പതിയാതിരിക്കാൻ ഇരുണ്ട വാഴക്കൂട്ടത്തിലേക്കു മുഖം തിരിച്ചുകൊണ്ട് അവൻ മുൻവശത്തെ മുറ്റത്തു നിന്നു.

തമ്പ്രാൻ കോലായിലിരുന്നു പന്നിപ്പടക്കങ്ങളും ആനപ്പടക്കങ്ങളും വെവ്വേറെ കടലാസുകളിൽ പൊതിഞ്ഞു. ചവണക്കയർ ഇടംകൈത്തണ്ടയിൽ ചുറ്റിയിട്ടു. എണീറ്റ് ഇറയത്തേക്കു വന്ന് ഒരു പൊതി കൈയിലിട്ടു.

' ഇടയ്ക്ക് ഓരോന്നെടുത്തു പൊട്ടിച്ചോളുണ്ടു. എന്തെങ്കിലും അനക്കം കേട്ടാൽ.'

'ഉം.' അല്പം ഭീതിയോടു കൂടി അവൻ പൊതി വാങ്ങി മുണ്ടിൻ തലപ്പത്തു പൊതിഞ്ഞുകെട്ടി മുണ്ടിന്റെ കീറൽ മടക്കുനിവർന്നു. അവൻ വാഴക്കൂട്ടത്തിന്റെ കറുത്ത നിഴലിലേക്കു കുറേക്കൂടി നീങ്ങി നിന്നു.

' പന്തൽച്ചോട്ടിൽ മുട്ടി കൊണ്ടിട്ടിട്ടില്ലേ?'

'ഉം.'

'പേടിണ്ടൊ?'

'കാണി.'

'ഞാനും നിന്റെ അപ്പൻ ചാത്തനും താഴെ വയലിൽ ആനപ്പന്തലിലുണ്ടാവും. പേടിക്കുമ്പോൾ വിളിച്ചൊ.'

അതിനവൻ മൂളിയില്ല. തമ്പ്രാൻ തന്നെ ഇത്ര കൊള്ളരുതാത്തവനാക്കിയോ? പേടിയോ? തനിക്കോ? ഇതു കാലിക്കാരൻ ജോഗിയല്ല. അവൻ ഒന്നും പറഞ്ഞില്ല. പിന്നെയും അവിടെത്തന്നെ നിന്നു.

' നെണക്ക് അവകാശം വേണം, ല്ലെ?' തമ്പ്രാൻ ചിരിച്ചു. ചെല്ലത്തിൽ നിന്നു രണ്ടു വെറ്റിലയും അടയ്ക്കാക്കഷണങ്ങളും ഒരു കഷണം പുകയിലയും കൂടി കോലായത്തു വച്ചു.

' എടുത്തോ!' വളരെ നന്ദിയോടെ അവൻ മുറുക്കാനുള്ളതെടുത്തു. അവന്നു തികഞ്ഞ സന്തോഷം തോന്നി; സംതൃപ്തിയും. പൂമണലിലെ അടിയാനാണ് താൻ. ഈ കളത്തിലെ എല്ലാ അവകാശങ്ങളുമുള്ള അടിയാൻ. കരിഞ്ഞ വൈക്കോലുകളിൽ ചവുട്ടി പുതുതായി പുല്ലു പുതച്ച കളത്തിന്റെ ഇറയത്തുകൂടി വയലിലേക്കിറങ്ങുമ്പോൾ ഉള്ളിൽ ഒരു നടുക്കം. സ്വയം സമാധാനിച്ചു. കാവല്ക്കാരൻ ജോഗി! വെറുമൊരു ചെക്കനല്ല, ഇന്നു മുതല്ക്ക്.

കാവൽ കഴിഞ്ഞ് നാളെ വെയിൽ മൂക്കുമ്പോൾ പുഴക്കരയിൽ ചെല്ലണം. താഴെക്കുന്നിലെ ചുണ്ടെലിയും ചെറിയ ചാത്തനും ജവരനും ചോമനുമെല്ലാം തന്നെ അസൂയയോടെ നോക്കും. അവർ കുള്ളുകളിൽ അടുപ്പിനു ചുറ്റും തീ കാഞ്ഞ് കൂർക്കം വലിച്ചുറങ്ങുമ്പോൾ താൻ–

കാറ്റടിച്ചു പന്തലിൽ വിരിച്ച വൈക്കോൽ മർമരമുണ്ടാക്കി. താഴെ പുകഞ്ഞു കൊണ്ടിരുന്ന മുട്ടികൾ അടുപ്പിച്ചു വച്ചു. ഉണങ്ങിയ വയ്ക്കോൽച്ചണ്ടി മീതെ വാരിയിട്ടു. തീ ആളിക്കത്തി. തുളച്ചുകയറുന്ന ശീതക്കാറ്റ് തെല്ലിട അകന്നു പോയി. തീനാളങ്ങൾ ആകാശത്തേക്കുയർന്നു കറുത്ത കോട്ടപോലെ നിൽക്കുന്നു, കാട് തൊട്ടുമുമ്പിൽ. തനിക്കും കാടിനുമിടയ്ക്കു ചാണകം തളിച്ചിട്ട കളവും ഒരറ്റത്ത് കളപ്പുരയുമേയുള്ളു.

അവൻ ഒരു നടുക്കത്തോടെ ഓർത്തു: താഴെ വയലിൽ വെള്ളച്ചാലിനടുത്ത് ആനപ്പന്തലിൽ തമ്പ്രാനും അപ്പനുമുണ്ട്. ഒന്നും പേടിക്കാനില്ല.

'ബാത്താമാ...കാട്ട്ക്ക് പോം –

ചക്കയുണ്ട്, മാങ്ങയുണ്ട്......'

പന്തൽപ്പാട്ടിന്റെ സ്വരം അക്കരെയും ഇക്കരെയും നിന്ന് തണുത്ത അന്തരീക്ഷത്തെ വിറകൊള്ളിച്ചു.

അവൻ പുതിയ ഒരുണർവോടെ ഏറ്റുപാടി:

' ബുക്കവുഞ്ഞായ്......ഏ....ബുക്കവുഞ്ഞായ്

ആറാട്ടുകവുഞ്ഞായ് ..... ഏ...... ഏ...... യ്....'

ഉച്ചത്തിലുള്ള പാട്ടിന്റെ അലകൾ നാലുപാടും നിന്ന് ഒന്നിച്ചൊഴുകി വന്നു. മഞ്ഞുപെയ്യുന്ന രാത്രി വിറച്ചു. കൊടും തണുപ്പിലൂടെ ചൂടുള്ള പന്തൽപ്പാട്ടിന്റെ അലകൾ വയലിന്റെ അതിരിലുള്ള കാട്ടിൽ ലയിച്ചു.

പതുക്കെപ്പതുക്കെ പാട്ടിന്റെ സ്വരം തണുപ്പിൽ നിശ്ശേഷം അലിഞ്ഞുപോയി. തണുപ്പ്. ഇരുട്ട്. ഇരുണ്ട, കടിച്ചു കീറുന്ന തണുപ്പു മാത്രം. കാട്ടിലൂടെ കുതിച്ചൊഴുകുന്ന ചോലവയലിന്റെ മാറിലൂടെ ഒഴുകുന്ന ബാവലിയിൽ ചെന്നു ചാടുന്ന ശബ്ദം അവനെ ഭീതനാക്കി. ഒറ്റക്കണ്ണൻ രാക്ഷസനെപ്പോലെ നിലാവുദിച്ച ആകാശം മീതെനിന്നു തുറിച്ചുനോക്കുന്നു.

ഒരു വിറയൽ കാലുകളിൽനിന്നു തുടങ്ങി. അതു മേൽപ്പോട്ടു കയറി. തലയ്ക്കു മടക്കിവച്ചിരുന്ന കീറച്ചാക്ക് വലിച്ച് അവൻ കാലിന്മേൽ വിടർത്തിയിട്ടു. പെട്ടെന്നോർത്തു, കാലു മൂടിയാൽ ഉറക്കം വരും. ഉറങ്ങിയാൽ പന്നിയിറങ്ങും. വിളഞ്ഞ വയലിൽ കാവൽക്കാരൻ ജോഗി ഉറങ്ങരുത്.

കാവൽ ശരിയായാൽ നാളെ രാവിലെ വല്ലി കിട്ടും. കാവൽ വല്ലി. രണ്ട് അവിൽ മാനം പച്ചനെല്ല്. സെയ്തിന്റെ പീടികയിൽ കൊടുത്തു പച്ചയും വെല്ലവും വാങ്ങി തിന്നണം. കൊട്ടപ്പഴംപോലെ ചുവന്ന വെല്ലത്തിന്റെ അച്ചുകൾ! അവൻ വായിലൂറിയ നീർ ഇറക്കി. ചാക്ക് കാലിന്മേൽ നിന്നു കുറെക്കൂടി വലിച്ചു നെഞ്ചത്തേക്കിട്ടു. ഉള്ളങ്കാൽ തണുത്താൽ ഉറക്കം വരില്ല. നെഞ്ചിൽ അങ്ങിങ്ങു മുളച്ചുകണ്ട നേർത്ത രോമങ്ങൾ പിടിച്ചുവലിച്ചു. കൈകൾ കൂട്ടിത്തിരുമ്മി. അവ പിണച്ചു നെഞ്ചിൽ ചേർത്ത് രണ്ടു ചെവികളും അമർത്തിയടച്ചു. എന്തൊരു തണുപ്പ്!

കാട്ടിലെ മണ്ണട്ടകളുടെ കരച്ചിലും കൂക്കിവിളികളും പന്തൽപ്പാട്ടുകളും കൂടിക്കുഴഞ്ഞ് ഒരിരമ്പമായി ചെകിട്ടിൽ കിടന്നു മുഴങ്ങി.

ദൂരെ പടക്കങ്ങൾ പൊട്ടി.

കൊല്ലിമൂലയിൽനിന്നു കത്തുന്ന ഒരു ഓടപ്പന്തം ആകാശത്തിലേക്കു കുതിച്ചുയർന്നു. ഒറ്റക്കണ്ണൻ രാക്ഷസൻ ഒന്നിളിച്ചുകാട്ടി വീണ്ടും. ആ കറുത്ത മുഖം. തിളങ്ങുന്ന ഒറ്റക്കണ്ണ്. രക്തം കട്ടയാകുന്ന തണുപ്പ്. പേടി. അവൻ പാട്ടിന്റെ വരികൾ മൂളിനോക്കി. താടിയെല്ലുകൾ കൂട്ടിയടിച്ച് ഒച്ചയുണ്ടാക്കി. ഒച്ച തൊണ്ടയിലെങ്ങോ തണുത്തുറഞ്ഞു പോയി.

പന്തൽപ്പാട്ടുകളൊന്നും കേൾക്കാനില്ല. തണുത്തുറഞ്ഞ രാത്രി മാത്രം വളഞ്ഞുനിന്ന് അവനെ പേടിപ്പെടുത്തി. ആനപ്പന്തലിൽ അപ്പനും തമ്പ്രാനും കിടന്നുറങ്ങുകയാവും. നാലുപാടും ഉറങ്ങുന്ന ദിക്കുകൾ. ഉണർന്നിരിക്കുന്നത്, ബാവലിയും അവളോടു ചേരുന്ന കാട്ടുചോലയും സദാ കരഞ്ഞു കൊണ്ടിരിക്കുന്ന മണ്ണട്ടകളും താനും മാത്രം.

ഉറക്കം വരാതിരിക്കാൻ അവൻ ഒരു പടക്കം പൊട്ടിച്ചു. ശബ്ദം ഒരു വെടിയുണ്ടപോലെ തെറിച്ചു. അജ്ഞാതമായ ഏതോ ദിക്കിലേക്ക് ഊളിയിട്ടു പോയി.

സെയ്തിന്റെ പീടികയിൽ നാളെ പച്ചയുണ്ടാവില്ലേ? ചുവന്ന ശർക്കരയും? രണ്ടു മാനം നെല്ലുകൊണ്ട് എന്തൊക്കെക്കിട്ടാമെന്ന് അവൻ കണക്കുകൂട്ടി. അരമാനം 'പച്ച'യും നാലച്ചു ശർക്കരയും. നാല് എന്നാൽ എത്രയെന്ന് അവൻ വിരലിൽ കണക്കുകൂട്ടിനോക്കി. ഇരുട്ടത്ത്, അടുപ്പിലെ തീക്കനലിന്റെ നേർത്ത വെളിച്ചത്തിൽ അവൻ വിരലുകൾ തൊട്ടു. എണ്ണി ഒന്ന്, രണ്ട്..... പിന്നെയെന്താണ്? ബാവലിയുടെ കരയ്ക്ക് ഓടിട്ട പുതിയ സ്കൂളിൽ പണ്ട് പഠിച്ചിരുന്നു. രണ്ടാം ക്ലാസുവരെ. പണ്ടല്ല. കഴിഞ്ഞ കൊല്ലമല്ലേ? അഥവാ അതിനുമുമ്പത്തെക്കൊല്ലമോ? എത്ര വിഷു പിന്നീടു കഴിഞ്ഞു? ഒന്നോ, രണ്ടോ, മൂന്നോ? രണ്ടു കഴിഞ്ഞാൽ മൂന്ന്... നാലച്ചു ശർക്കര കിട്ടും. ഒന്ന്, രണ്ട്, മൂന്ന്, നാല്....നാലു തന്നെ! അവൻ വായിലൂറിക്കൂടിയ ഉമിനീർ വീണ്ടും ഇറക്കി. ഒരു പടക്കം കൂടി തപ്പിയെടുത്ത് പൊട്ടിച്ചു. ഇല്ല പൊട്ടിയില്ല. അത് ചുവന്ന കണ്ണ് പതുക്കെയൊന്ന് മിഴിച്ച് മണ്ണിൽ വീണുറക്കമായി. പടക്കങ്ങൾ തണുത്തു പോയിരിക്കുന്നു. പടക്കത്തിന്റെ പൊതി മുട്ടിയുടെ അടുത്തുവച്ചു, അവൻ കനലുകൾ ഒന്നിളക്കിയിട്ടു. ചാരം ഇളകി. അറിയാതെ നഗ്നമായ പാദങ്ങൾ എരിഞ്ഞു കൊണ്ടിരുന്ന മുട്ടികൾക്ക് അഭിമുഖമായി നീങ്ങുന്നു. കണ്ണുകൾ പതുക്കെപ്പതുക്കെ അടഞ്ഞു.

എന്തോ അനക്കം കേട്ട് ഞെട്ടിയുണർന്നു. കീറച്ചാക്കുകൾ കൊണ്ട് കാൽ മൂടി, കൈകൾ കുറെക്കൂടി അടുപ്പിച്ച് അവൻ തിരിഞ്ഞ് അടുപ്പിനു ചുറ്റും വളഞ്ഞുകിടന്നു. കിടക്കുന്നതിനിടയിൽ ഒറ്റക്കണ്ണന്റെ കണ്ണിനു വെളിച്ചം കൂടിയിട്ടുണ്ടെന്നു തോന്നി. വെളിച്ചത്തിൽ എന്തോ ഒന്ന് അനങ്ങുന്നില്ലേ? കളത്തിനടുത്ത്? കളത്തിലെ 'വട്ടവിത'യുടെ നിഴലല്ലേ അത്? അല്ല. അതനങ്ങുന്നു. കറുത്ത എന്തോ ഒന്ന്.

ഓ! അവനു തന്റെ ഭയത്തിന്റെ ശക്തിയോർത്ത് സ്വയം ചിരിക്കാൻ തോന്നി. മരവിച്ച നാവ് ഒന്നിളകി. കണ്ണുകളിൽ വീണ്ടും ഉറക്കം നുഴഞ്ഞു കയറി. കുറിച്യൻ മുദ്ദന്റെ കരിമ്പിച്ചിപ്പയ്യാണ്. തെണ്ടിനടന്നു ശീലിച്ചുപോയി. ആലയ്ക്കകത്തു കേറില്ല. പകലൊക്കെ കാട്ടിൽ മേയും. അന്തി കറുത്താൽ ഇറങ്ങി നടക്കും. കളങ്ങൾ തോറും തിന്നു പുളച്ചു നടക്കും. അവൾക്കു നെല്ലു തിന്നാൻ കൊതിയില്ല. വാഴക്കണ്ടിയിലാണ് നോട്ടം. കളത്തിന്റെ അപ്പുറത്തെ കോലായിൽ തിരുവോളമ്മയും മക്കളും കിടന്നുറങ്ങുന്നുണ്ടാവും. അവർ തെളിക്കും...ഉറക്കം ഒരു കനത്ത കരിമ്പടംപോലെ അവനെ പുതച്ചു.

തൊട്ടു പുറകിൽ ആലയിൽ അനക്കം കേട്ടുണർന്നു. ഭീതിയുടെ നരിവായിലാണ് താൻ ചെന്നു വീണിരിക്കുന്നതെന്ന് അവനു തോന്നി. കാലികൾ ഒന്നാകെ ഇളകിയിരിക്കുന്നു. വെറുതെ കണ്ണുകൾ വട്ടവിതയുടെ നിഴലിലേക്കു നീണ്ടു. രണ്ടു കണ്ടങ്ങൾക്കപ്പുറം, നിഴൽ ഇളകുന്നുണ്ടോ? ഉണങ്ങിയ വൈക്കോൽ ആരോ പിടിച്ചുവലിക്കുന്നില്ലേ? കളത്തിലെ വട്ടവിതയ്ക്ക് എന്താ ഇങ്ങനെയൊരനക്കം. മുദ്ദന്റെ കരിമ്പപ്പയ്യ് പോയില്ലേ? കാലികൾ കൂട്ടത്തോടെ കുളമ്പടിക്കുകയും ഇളകുകയും മൂക്കു ചീറ്റുകയും ചെയ്തു. ഒരു മിന്നൽ അവന്റെ ഉള്ളിലൂടെ പാഞ്ഞുപോയി.

കാലികൾ വാസനിച്ചിളകുന്നത് എന്തു കണ്ടിട്ടാണ്?

കാട്ടാന! കളത്തിൽ നിന്ന് നെൽക്കറ്റകൾ വലിച്ചിടുന്നത്.... അവിടന്നങ്ങോട്ട് ചിന്തിക്കാൻ അവനു

കഴിഞ്ഞില്ല. ഭൂമിയിൽ നിന്നു പുറപ്പെട്ട ഒരു തീ തന്റെയുള്ളിലൂടെ ആളിപ്പടർന്നു കത്തുന്നു.

'പഗോതീ-മലക്കാരീ-ഗുളികാ.....' ഒച്ച പൊങ്ങിയില്ല. ഒരു നേർത്ത ശ്വാസം പോലും പുറത്തു വന്നില്ല. അവൻ വീർപ്പടക്കി നിന്നു.

പെട്ടെന്ന് ഒരുൾപ്രേരണയോടെ അവൻ ശരം വിട്ടപോലെ താഴെ വയലിൽ ആനപ്പന്തൽ നിൽക്കുന്നിടത്തേക്കോടി. തൊമരുകളും കണ്ടങ്ങളും അവൻ തിരിച്ചറിഞ്ഞില്ല. നേർത്ത നിലാവിൽ ഉയരത്തിൽ കെട്ടിയ പന്തൽ കറുത്തിരുണ്ട് ഉയർന്നു നിൽക്കുന്നത് അവൻ കണ്ടു. നിലാവു തട്ടി തീക്കുണ്ഡത്തിലെ വെളുത്ത ചാരം തിളങ്ങി.

ശ്വാസമടക്കി അവൻ കളത്തിനു നേരെ വിരൽ ചൂണ്ടിക്കാട്ടി:

'അതാ, അതാ, അതാ..., ശബ്ദമില്ലാതെ സംസാരിക്കുന്ന അവന്റെ മുമ്പിലേക്ക് പന്തലിന്റെ ഒത്ത മുകളിൽ നിന്നു തമ്പ്രാൻ ചാടിയിറങ്ങിവന്നു. പുറകെ അപ്പനും.

ടോർച്ചു തെളിയിച്ചുകൊണ്ട് അവൻ ചൂണ്ടിയേടത്തേക്ക് തമ്പ്രാൻ മുമ്പേ കടന്നോടി. കൈയിലെ കത്തിച്ച ഓലച്ചൂട്ട് ആകാശത്തേക്ക് വലിച്ചെറിഞ്ഞു. അവന്റെ കുറിയ കാലുകൾക്ക് മുതിർന്നവരുടെയൊപ്പം എത്താൻ കഴിഞ്ഞില്ല. അവൻ കൂടെയെത്തിയപ്പോഴേക്കും അവർ കളത്തിലെത്തിയിരുന്നു.... തലങ്ങും വിലങ്ങും വലിച്ചിട്ട 'വട്ടവിത' ഒരു വെറും കൂമ്പാരമായിക്കിടക്കുന്നു. ഉണക്ക വൈക്കോലിന്റെ ഒരു കൂമ്പാരം. ചൂടുള്ള എന്തോ ഒന്നിൽ അവൻ അറിയാതെ ചവിട്ടിക്കയറി. ഇരുട്ടിൽ ആനപ്പിണ്ടിയുടെ ഗന്ധം മൂക്കിൽ അടിച്ചുകയറി. വച്ചുപോയ കാൽ ആനപ്പിണ്ടിയുടെ നടുവിൽനിന്ന് പൊക്കിയെടുക്കാനും കൂടി ആവാതെ കുറ്റിയടിച്ചിറക്കിയതുപോലെ അവൻ നിന്നു.

താൻ കണ്ടിരുന്നത് മുദ്ദന്റെ പയ്യിനെയല്ല എന്നാലോചിച്ചപ്പോൾ അവന്റെ രക്തം ഉറഞ്ഞു കട്ടയായി. കണ്ണുകൾ മിഴിച്ചു തുറിച്ചു. കാട്ടാന തന്റെ തൊട്ടു മുന്നിൽക്കൂടിയാണ് പോയത്! കൈ നീട്ടിയാൽ തൊടാവുന്ന അത്ര അകലെക്കൂടി! താൻ കാവൽ കിടന്ന പന്തലിന്റെ തൊട്ടടുത്തു കൂടി! മുറത്തോളം വട്ടമുള്ള കാല്പാടുകൾ നനവുള്ള മണ്ണിൽ പതിഞ്ഞു കിടക്കുന്നത് തമ്പ്രാന്റെ ടോർച്ചിന്റെ വെളിച്ചത്തിൽ അവൻ കണ്ടു. ആ പാടുകളിൽ ഊറിക്കൂടിയിരിക്കുന്ന ചോലവെള്ളം തന്റെ ചോരയാണ്. ചോര! കാട്ടാന നടുവെ പിളർത്തിയിടാറുള്ള മനുഷ്യരുടെ കഥകൾ അവന്റെ തലച്ചോറിലൂടെ മിന്നിമാഞ്ഞു കൊണ്ടിരുന്നു. കുറുമൻ കേളനെ... മുദ്ദന്റെ മുത്തപ്പനെ... അങ്ങനെ എത്രയെത്ര....

കണ്ടിയിൽ ഒടിഞ്ഞുവീണും ചതഞ്ഞരഞ്ഞും കിടക്കുന്ന വാഴക്കൂട്ടങ്ങളിലും തക്കാളിവള്ളിപ്പടർപ്പുകളിലും മത്തൻവള്ളികളിലും തമ്പ്രാന്റെ ടോർച്ചിന്റെ കണ്ണുകൾ മാറിമാറി വീണു. അപ്പോഴും അവൻ അനങ്ങിയില്ല.

അപ്പൻ അവനെ ബലപൂർവം പിടിച്ചു കുന്നിന്റെ അണ്ണിയിലെ കുടിലിന്റെ കോലായിലേക്കു നയിച്ചു. ചാരം പറ്റിയ തീക്കനലുകൾ ഒന്നൂതിക്കത്തിച്ചിട്ട് അവനെ അടുപ്പിന്റെ ചൂടുള്ള അരികിൽ പിടിച്ചുകിടത്തി. അപ്പോഴും അവൻ മിണ്ടിയില്ല. അവന്റെ കണ്ണുകളിൽനിന്നു ഭീതിയുടെ നിഴലുകൾ പോയില്ല. അവ അവിടെ സ്ഥിരമായി കുടിയിരിക്കുമ്പോലെ അവന്റെ അപ്പനു തോന്നി. ഒരു ദീർഘനിശ്വാസത്തോടെ അപ്പൻ താഴെ വയലിലെ ഇരുട്ടിലേക്ക്, തണുപ്പിലേക്ക് നൂണുകടന്നുപോയി. അവൻ വില്ലുപോലെ ബലം പിടിച്ച് അടുപ്പിനരികിൽ കിടന്നു;അനക്കവും ഒച്ചയുമില്ലാതെ.

**ആരണ്യകാണ്ഡം) (പി. വത്സല**

## അവധാരണചോദ്യങ്ങൾ

- പുതിയ ജോലി ഏറ്റെടുത്ത ജോഗിക്ക് ലഭിച്ച അംഗീകാരങ്ങൾ എന്തെല്ലാം?
- തൊഴിലിൽ നിന്നു കിട്ടുന്ന പ്രതിഫലത്തെക്കുറിച്ചുള്ള ജോഗിയുടെ സങ്കല്പങ്ങൾ എന്തെല്ലാം?
- കാവൽമാടത്തിനുള്ളിൽ കൂടുതൽ ശ്രദ്ധാലുവാകാൻ ജോഗി കൈക്കൊണ്ട നടപടികൾ എന്തെല്ലാം?

■

# 17. മലയാള നോവൽ – ഒരു നിരീക്ഷണം

മനുഷ്യന്റെ സമസ്താനുഭവങ്ങളും വൈവിധ്യത്തോടും വൈചിത്ര്യത്തോടും ആഴത്തിലും പരപ്പിലും അവതരിപ്പിക്കാൻ നോവൽ പോലെ മറ്റൊരു സാഹിത്യരൂപവും സമർഥമല്ല.

നോവൽ, കവിത പോലെ ദൃഢബദ്ധമല്ല, നാടകം പോലെ സങ്കേതബദ്ധമല്ല, ഉപന്യാസം പോലെ ആശയബദ്ധവുമല്ല. എന്നാൽ കവിതയും നാടകവും ഉപന്യാസവും എല്ലാം ഉൾക്കൊള്ളാൻ അതിനു സാധിക്കും. ഘടനയിലെ ബന്ധശൈഥില്യവും ശില്പത്തിൽ എഴുത്തുകാരന് ലഭിക്കുന്ന സ്വാതന്ത്ര്യവും കാരണം മറ്റു സാഹിത്യരൂപങ്ങളെ അപേക്ഷിച്ച് നോവൽ എന്നും എഴുത്തുകാരെ ആകർഷിച്ചുകൊണ്ടിരിക്കും. എന്നല്ല, പുതിയ വായനാസമൂഹത്തിന്റെ പ്രിയപ്പെട്ട രൂപവും നോവൽ തന്നെ. ഇത്രയും ജനകീയ സ്വഭാവം മറ്റൊരു സാഹിത്യ രൂപത്തിനും അവകാശപ്പെടാനില്ല.

പാശ്ചാത്യനോവലിന്റെ സ്വാധീനത്താൽ വളർന്നുവന്ന മലയാള നോവലിൽ അനുകരണങ്ങളായും സ്വാധീനങ്ങളായും പല സമ്പ്രദായങ്ങളും ഘടനാ രീതികളും പരീക്ഷിക്കപ്പെട്ടിട്ടുണ്ട്. നോവലിനോട് ഏറെ അടുത്ത ഏതാനും കൃതികൾ മുമ്പ് ഉണ്ടായെങ്കിലും ഒയ്യാരത്തുചന്തുമേനോന്റെ ഇന്ദുലേഖ (1889)യെയാണ് ലക്ഷണമൊത്ത ആദ്യ മലയാളനോവലായി കരുതുന്നത്. മലബാറിലെ സാമൂഹിക സാംസ്കാരിക ജീവിതത്തിന്റെ ഒരു പരിച്ഛേദമാണ് ഈ നോവൽ. ഇന്ദുലേഖ എന്ന കഥാപാത്രം ആധുനിക കേരളീയ സ്ത്രീത്വത്തിന്റെ വക്താവാണ്. അക്കാലത്ത് ചിലരെങ്കിലും ഇംഗ്ലീഷ് വിദ്യാഭ്യാസം നേടി പരിഷ്കാരവും താൻപോരിമയും ആർജിച്ചിരുന്നു എന്ന് ചരിത്രം പറയുന്നു. ചന്തുമേനോൻ വരുംകാല കേരളീയസ്ത്രീത്വത്തിന് ഒരു വ്യക്തിത്വം നൽകുകയും അത് കേരളത്തിന്റെ സാമൂഹിക ജീവിതത്തിൽ ദൂരവ്യാപകമായ പരിവർത്തനത്തിനു പ്രേരിപ്പിക്കുകയും ചെയ്തു.

സി.വി. രാമൻപിള്ള തിരുവിതാംകൂർ ചരിത്രത്തിലെ ചില സംഭവങ്ങളെയും ചരിത്രപുരുഷന്മാരെയും സ്വീകരിച്ച് എഴുതിയ നോവൽത്രയമാണ് മാർത്താണ്ഡവർമ, ധർമരാജാ, രാമരാജാബഹദൂർ എന്നിവ. മാർത്താണ്ഡവർമയിൽ സംഭവങ്ങൾക്കും ധർമരാജായിൽ ചിത്തവൃത്തികൾക്കും രാമരാജാബഹദൂറിൽ ഉഗ്രശക്തികൾ തമ്മിലുള്ള ബാഹ്യാന്തര സംഘർഷങ്ങൾക്കുമാണ് പ്രാധാന്യം. അർഥശൂന്യതയിൽ നിന്ന് അർഥത്തിലേക്കും അർഥത്തിൽ നിന്ന് അനർഥത്തിലേക്കും തെന്നിപ്പോകുന്ന മനുഷ്യജീവിതത്തിന്റെ സ്വത്വം കാട്ടിത്തരുന്നു എന്നതാണ് സിവിയുടെ മഹത്ത്വം. സി.വി. എഴുതിയത് ചരിത്രമല്ല, ചരിത്രത്തെ അവലംബിച്ചുകൊണ്ടുള്ള മനുഷ്യജീവിതകഥകളാണ്.

പാശ്ചാത്യനോവലുകളുടെ സ്വാധീനം എക്കാലത്തും മലയാള നോവലിൽ ഉണ്ടായിരുന്നു. വിക്ടർ ഹ്യൂഗോവിന്റെ പാവങ്ങൾ എന്ന ഫ്രഞ്ച് നോവലിന് നാലപ്പാട്ടു നാരായണമേനോൻ എഴുതിയ മലയാള പരിഭാഷ (1925) ഒരു പരിവർത്തനം തന്നെ സൃഷ്ടിച്ചു. നിന്ദിതരും പീഡിതരുമായ മനുഷ്യരുടെ ജീവിതകഥകൾ ലളിതമായും ഋജുവായും സത്യസന്ധമായും ആവിഷ്കരിച്ചിട്ടുള്ള പാവങ്ങൾ മലയാള നോവലിന്റെ ഭാവരൂപങ്ങളിൽ മാറ്റം വരുത്തി. മലയാള നോവൽ കർത്താക്കളുടെ അനുഭവ ചക്രവാളം വികസ്വരമാവുകയും ജീവിതത്തെ ദാർശനികമനോഭാവത്തോടെ നോക്കിക്കാണാൻ അത് അവരെ സഹായിക്കുകയും ചെയ്തു.

ദേശീയ പ്രസ്ഥാനം നമ്മുടെ നാടിനെ ഇളക്കിമറിക്കുന്ന കാലമായിരുന്നു അത്. അന്നത്തെ സാമൂഹിക ചലനങ്ങളുടെ ഭാഗമായി രൂപം കൊണ്ട പുരോഗമന സാഹിത്യപ്രസ്ഥാനം കേരളീയ ജീവിതത്തിന്റെ യഥാതഥമായ ചിത്രീകരണം നോവലിൽ കടന്നുവരുന്നതിന് ഇടയാക്കി. ജനാധിപത്യം, സോഷ്യലിസം മുതലായ ആശയങ്ങൾ നോവൽ രചനയെ കാര്യമായി സ്വാധീനിച്ചു. അത് നോവലിനെ നവോത്ഥാന ഘട്ടത്തിലേക്കു നയിച്ചു.

നവോത്ഥാന ഘട്ടത്തിൽ ചെറുകഥാകൃത്തുക്കളായി കടന്നു വന്ന കുറേ എഴുത്തുകാർ നോവലിലേക്കു പ്രവേശിച്ചതോടെയാണ് പ്രഖ്യാതമായ പല നോവലുകളും മലയാളത്തിൽ ഉടലെടുത്തത്. സമൂഹത്തിൽ വന്ന മാറ്റം ഈ എഴുത്തുകാർ ഉൾക്കൊള്ളുകയുണ്ടായി. സ്നേഹത്തിനു വേണ്ടിയുള്ള മനുഷ്യന്റെ അടങ്ങാത്ത ദാഹം, സാമൂഹിക നിയമങ്ങളെയും സമൂഹഘടനയെത്തന്നെയും ചോദ്യം ചെയ്യാനുള്ള ആവേശം, മാർക്സിയൻ - ഗാന്ധിയൻ ചിന്താഗതികളോടുള്ള ആഭിമുഖ്യം എന്നിവ മാറ്റത്തിന്റെ സവിശേഷതകളായിരുന്നു. ചുറ്റും കണ്ട സാമൂഹികാസമത്വങ്ങളും ഉച്ചനീചത്വങ്ങളും ഇവരുടെ രചനകൾക്ക് പ്രമേയങ്ങളായി. കേശവദേവിന്റെ ഓടയിൽ നിന്ന്, ഭ്രാന്താലയം, അയൽക്കാർ എന്നീ നോവലുകൾ യാഥാർഥ്യത്തിന്റെയും ആദർശവൽക്കരണത്തിന്റെയും ഭൂമികയിലാണ് നിലയുറപ്പിച്ചിരിക്കുന്നത്.

തകഴിയുടെ മികച്ച നോവലുകൾ തോട്ടിയുടെ മകൻ, രണ്ടിടങ്ങഴി, ഏണിപ്പടികൾ, ചെമ്മീൻ, കയർ എന്നിവയാണ്. ചെമ്മീനിൽ ഒരു പ്രണയ കഥ കടൽത്തീരജീവിതത്തോടിണക്കി അദ്ദേഹം അവതരിപ്പിക്കുന്നു.

ഏണിപ്പടികൾ ഒന്നാന്തരമൊരു രാഷ്ട്രീയ നോവൽ കൂടിയാണ്. ജനാധിപത്യം വന്നിട്ടും നമ്മുടെ ഭരണരംഗത്ത് അതിന്റെ ആദർശങ്ങൾ പ്രതിഫലിക്കാതെ പോയതിന്റെ ആഖ്യാനം. കയർ ഇതിഹാസ മാനങ്ങളുള്ള നോവലാണ്. പത്തൊമ്പതാം നൂറ്റാണ്ടിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിലും കേരളത്തിലെ സാമൂഹിക രാഷ്ട്രീയ രംഗങ്ങളിൽ ഉണ്ടായ പരിവർത്തനങ്ങളാണ് നോവലിൽ വിശദമായി ആഖ്യാനം ചെയ്തിരിക്കുന്നത്.

പ്രകൃതിയിലേക്കും മനുഷ്യന്റെ മൗലികമായ നന്മയിലേക്കും ശ്രദ്ധ തിരിച്ച പൊറ്റെക്കാട്ടിന്റെ മികച്ച നോവലുകൾ വിഷകന്യക, ഒരു തെരുവിന്റെ കഥ, ഒരു ദേശത്തിന്റെ കഥ എന്നിവയാണ്. കേന്ദ്രീകൃതമായ ഇതിവൃത്തങ്ങളോ പടിപടിയായി മുന്നേറുന്ന കഥാപാത്രങ്ങളോ ഇവയിൽ ഇല്ല. ബന്ധദാർഢ്യത്തിനു പകരം ശൈഥില്യം, വ്യക്തികൾക്കു പകരം സമൂഹം, മണ്ണോ തെരുവോ ദേശമോ കഥാപാത്രം - മലയാള നോവലിൽ ഈ മാറ്റം ശ്രദ്ധേയമായി.

ജീവിതത്തിലെ നന്മയും സൗന്ദര്യവും കാണാൻ ശ്രമിച്ച എഴുത്തുകാരനാണ് ഉറൂബ് എന്ന പി.സി. കുട്ടിക്കൃഷ്ണൻ. ചതിയും വഞ്ചനയും കൊള്ളരുതായ്മയും നിറഞ്ഞ ജീവിതത്തിൽ സത്യവും ധർമവും കാരുണ്യവുമുണ്ട്. അതു കാട്ടിക്കൊടുക്കുകയും ജീവിതത്തിൽ സൗന്ദര്യം ആസ്വദിക്കാൻ സന്മനസ്സുള്ളവരായി ത്തീർക്കുകയും ചെയ്യുക അതാണ് ഉറൂബ് ലക്ഷ്യമാക്കുന്നത്. ഉറൂബിന്റെ കൃതികളിൽ മികച്ചത് ഉമ്മാച്ചു, സുന്ദരികളും സുന്ദരന്മാരും എന്നിവയാണ്. സുന്ദരികളും സുന്ദരന്മാരും ശില്പഘടനയിൽ വ്യത്യസ്തമാണ്. രണ്ടു തലമുറകളുടെയും മൂന്നു വ്യാഴവട്ടക്കാലത്തിന്റെയും സംഭവബഹുലമായ കഥ. സമൂഹത്തെയും ദേശത്തെയും മനുഷ്യരോടൊപ്പം കഥാപാത്രങ്ങളാക്കി. 1921-ലെ മലബാർ കലാപം മുതൽ സ്വാതന്ത്ര്യലബ്ധി വരെയുള്ള കാലഘട്ടത്തെയാണ് ഇതിൽ ചിത്രീകരിക്കുന്നത്. സാമൂഹികവും സാമ്പത്തികവുമായ സംഭവവികാസങ്ങൾ, മലബാർ കലാപം, ജന്മിത്തത്തിന്റെ തകർച്ച, മുതലാളിത്തത്തിന്റെ ഉയർച്ച, തൊഴിലാളി സംഘടനകളുടെ വളർച്ച തുടങ്ങി അനേകം സംഭവവികാസങ്ങൾ ഈ നോവലിൽ ചിത്രീകരിച്ചിട്ടുണ്ട്. എല്ലാം ആറ്റിക്കുറുക്കി നോക്കിയാൽ, ഇത്തിരിപ്പോന്ന ഈ ജീവിതം അത്രമോശമല്ല എന്ന വിചാരത്തിൽ ഉറൂബ് സഹൃദയനെ കൊണ്ടെത്തിക്കുന്നു.

വൈക്കം മുഹമ്മദ് ബഷീറിന്റെ നോവലുകൾ ആത്മാനുഭവപ്രധാനങ്ങളാണ്. അവയ്ക്ക് സാമൂഹികമാനവും ഉണ്ട്. സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്ക്, ബാഹ്യത്തിൽ നിന്ന് ആന്തരത്തിലേക്ക് നോവൽ പരിണമിക്കുന്നതിന്റെ ലക്ഷണങ്ങൾ ബഷീറിൽ സ്പഷ്ടമാണ്. അദ്ദേഹം മറ്റുള്ളവരിലേക്ക് നോക്കുന്നത് തന്നിലൂടെത്തന്നെയാണ്. അതിനാൽ അദ്ദേഹം ആവിഷ്കരിക്കുന്ന ജീവിതം തന്നെയും തന്റെ ചുറ്റുമുള്ളവരെയും കേന്ദ്രീകരിച്ചാണ്. ബഷീറിന്റെ മികച്ച നോവലുകളായി അറിയപ്പെടുന്ന ബാല്യകാലസഖി, ന്റുപ്പുപ്പാക്കൊ

രാനേണ്ടാർന്ന്, പാത്തുമ്മായുടെ ആട്, മതിലുകൾ - എല്ലാറ്റിലുമുണ്ട് ആത്മകഥാംശം.

സമൂഹത്തിന്റെയും മരുമക്കത്തായം പോലുള്ള സ്ഥാപനങ്ങളുടെയും ശൈഥില്യത്തോടെ വ്യക്തി ഒറ്റപ്പെട്ടു. എം.ടി. വാസുദേവൻനായരുടെ പ്രമേയം ഒറ്റപ്പെടുന്ന വ്യക്തിയത്രേ. അദ്ദേഹം നോവലിലെ മറ്റൊരു പരിവർത്തനഘട്ടത്തിന്റെ പ്രതിനിധിയാണ്. നാലുകെട്ട്, കാലം, അസുരവിത്ത് തുടങ്ങിയ നോവലുകൾ നവോത്ഥാന രചനകളുടെ തുടർച്ചതന്നെയാണ്. എന്നാൽ മഞ്ഞ് തികച്ചും വ്യത്യസ്തമാണ്. മനുഷ്യജീവിതത്തിന്റെ വ്യാകുലതകളെയും നിരാശകളെയും നഷ്ടസ്വപ്നങ്ങളെയും ഹൃദ്യമായി അവതരിപ്പിക്കുന്ന നോവൽകാവ്യമാണിത്. രണ്ടാമൂഴം ഭാരതകഥയുടെ പുനരാഖ്യാനമാണ്. ഭീമനെ കേന്ദ്രകഥാപാത്രമാക്കി, മധ്യനിരക്കാരായ മനുഷ്യർക്ക് അനുഭവിക്കേണ്ടി വരുന്ന സംഘർഷങ്ങളെയും ദുരിതങ്ങളെയും ഇതിഹാസസന്ദർഭങ്ങളിൽ ഇണക്കി ആവിഷ്കരിച്ചിരിക്കുന്നു.

അടുത്തഘട്ടത്തെ ആധുനികം എന്നുവിളിക്കാം. ആധുനികതയെ സ്വാധീനിച്ച ഒട്ടേറെ ഘടകങ്ങളുണ്ട്. ഫ്രോയിഡിന്റെയും യുങ്ങിന്റെയും മനശ്ശാസ്ത്രതത്ത്വങ്ങൾ, ഡാർവിന്റെ പരിണാമസിദ്ധാന്തം, നരവംശ ശാസ്ത്രത്തിന്റെ കണ്ടെത്തലുകൾ, ചിത്രകലയുടെയും സംഗീതത്തിന്റെയും സിനിമയുടെയും സ്വാധീനം ഇവയെല്ലാം ചേർന്ന് സൃഷ്ടിച്ച ആധുനികാവബോധം നോവലിന്റെ ചക്രവാളത്തെ വികസ്വരമാക്കി.

മനസ്സിന്റെ വിചിത്ര ഭാവതലങ്ങൾ ആവിഷ്കരിക്കാൻ പുതിയ സങ്കേതങ്ങൾ തേടിക്കൊണ്ടിരിക്കുന്നവരാണ് ആധുനികർ. ആധുനിക നോവലുകളിൽ കേന്ദ്രാശയം നഷ്ടപ്പെട്ടു. ശൈലി, രീതി, സ്വരം, ലയം എന്നിവയ്ക്കു പ്രാധാന്യം ലഭിച്ചു. ശൈലിയാണ് പ്രതിപാദ്യത്തെ കണ്ടെത്തുന്നത് എന്നു വന്നു. ഭാഷ മറ്റെന്തിനെയൊക്കെയോ വഹിക്കുന്നു എന്ന തത്ത്വം മറയുകയും ഭാഷ തന്നെ എല്ലാം എന്ന സങ്കല്പനം പ്രാധാന്യം നേടുകയും ചെയ്തു. പഴയ നോവലുകളിൽ പ്രതിപാദ്യം പ്രധാനമായിരുന്നു. ആധുനിക ഘട്ടമായതോടെ അതിൽ ഒതുങ്ങാൻ നോവലെഴുത്തുകാർ താത്പര്യപ്പെട്ടില്ല. ശൈലിയിലൂടെ എന്തും ആവാഹിക്കുവാൻ സാധിക്കും എന്ന് അവർ കരുതി.

ആധുനികരെ ബിംബങ്ങളും പ്രതീകങ്ങളും മിത്തുകളും കാര്യമായി സ്വാധീനിച്ചിട്ടുണ്ട്. ഒരു നോവൽ ഒട്ടാകെ ഒരൊറ്റ പ്രതീകമായി വളർത്തിക്കൊണ്ടുവരാൻ ചിലർക്കു സാധിക്കുന്നു. സമൂഹമനസ്സിന്റെ സൃഷ്ടിയായ മിത്തുകൾക്ക് അകന്നുപോകുന്ന മനുഷ്യനെയും പ്രകൃതിയെയും ബന്ധിപ്പിക്കാൻ സാധിക്കും. പ്രകൃതിയും ആത്മീയതയും തമ്മിലുള്ള വ്യത്യാസം വളരെ നേർത്തതും ലോലവുമാണ്. അവയുടെ അകലം ഇല്ലാതാക്കുവാൻ ആധുനികരായ എഴുത്തുകാർക്ക് രചനകളിലൂടെ സാധിക്കുന്നു.

കാക്കനാടന്റെ ‘സാക്ഷി’, ‘അജ്ഞതയുടെ താഴ്‌വര’ എന്നിവ ആധുനിക നോവലിന് ഉദാഹരണങ്ങളായി എടുത്തു കാട്ടാറുണ്ട്. സാക്ഷിയിലെ നാരായണൻകുട്ടി അന്യനായ ഒരു കഥാപാത്രമാണ്. അയാൾക്ക് ജീവിതം അർഥശൂന്യമാണ്, അസംബന്ധമാണ്. ജീവിതത്തിൽ വിലപ്പെട്ടതായി ഒന്നുമില്ല. മൂല്യശോഷണം സംഭവിച്ച ലോകത്ത് ജീവിക്കേണ്ടിവരുന്ന മൂല്യവിചാരമില്ലാത്ത മനുഷ്യന്റെ ജീവിതമാണ് കാക്കനാടൻ അവതരിപ്പിച്ചിരിക്കുന്നത്.

ഒരർധസാങ്കല്പികഗ്രാമത്തിലെ ജനജീവിതസാഹചര്യങ്ങളിൽ നിന്ന് ഒ.വി. വിജയൻ ഖസാക്കിന്റെ ഇതിഹാസത്തിൽ ഒരു മിത്ത് സൃഷ്ടിച്ചിരിക്കുന്നു. രവി, മൈമുന, നൈസാമലി, അള്ളാപ്പിച്ചമൊല്ലാക്ക, തുടങ്ങിയ കഥാപാത്രങ്ങൾ ഒറ്റപ്പെട്ട ഒരു ലോകം സൃഷ്ടിക്കുന്നു. സമൂഹമനസ്സ് സൃഷ്ടിച്ച സ്വപ്നകഥകൾ പോലെ എല്ലാം കൂടിക്കുഴഞ്ഞ് മിത്തിന്റെ സ്വഭാവം കൈവരിക്കുന്നു. അതേസമയം അതെല്ലാം സജീവസാന്നിധ്യമായി അനുഭവപ്പെടുകയും ചെയ്യുന്നു: ധർമപുരാണം വിജയന്റെ പ്രശസ്തമായ മറ്റൊരു നോവലാണ്.

ആധുനികതയുടെ പ്രയോക്താവ് മാത്രമല്ല ശക്തനായ വക്താവു കൂടിയാണ് എം. മുകുന്ദൻ. മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്ന നോവൽ മയ്യഴിയിലെ സ്വാതന്ത്ര്യസമരത്തെ പശ്ചാത്തലമാക്കി

ക്കൊണ്ട് മുകുന്ദൻ ആധുനിക മനുഷ്യന്റെ സമസ്യകൾ ചിത്രീകരിക്കുന്നു. 'ആദിത്യനും രാധയും മറ്റു ചിലരും' എന്ന നോവലിൽ എത്തിയപ്പോൾ പ്രമേയത്തിലും ബിംബകല്പനയിലും സമീപനത്തിലുമൊക്കെ മുകുന്ദൻ മാറി. വർത്തമാനത്തിൽ നിന്നു ഭൂതത്തിലേക്കും ഭൂതത്തിൽ നിന്നു ഭാവിയിലേക്കും നിരന്തരം സഞ്ചരിക്കുന്ന ഒരു കഥാപാത്രത്തെ മുകുന്ദൻ സൃഷ്ടിച്ചിരിക്കുന്നു - ആദിത്യൻ. അയാൾ വിലകൊടുത്തു വാങ്ങിയ പാടാത്ത സിത്താർ അയാളുടെ ശൂന്യമായ ജീവിതത്തിന്റെ പ്രതീകം തന്നെ. മുകുന്ദൻ ഈ നോവലിലൂടെ മനുഷ്യരാശിയുടെ നഷ്ടപ്പെട്ട മൂല്യങ്ങളുടെ സംരക്ഷകനായി മാറുന്നു.

കഥയും നോവലും രസിപ്പിക്കുവാനുള്ളതാണ് എന്ന വിചാരം ചില എഴുത്തുകാർ ഉപേക്ഷിച്ചു. അവർക്ക് കഥ സംവാദമോ ചർച്ചയോ ആണ്. അത് ജീവിതത്തിന്റെ എല്ലാ സമസ്യകൾക്കും ഉത്തരം ആരായുന്നു. കഥയെക്കുറിച്ചുള്ള പഴയ സങ്കല്പങ്ങളെ തകർത്തുകൊണ്ട് ഒരു പുതിയ അവബോധം സൃഷ്ടിച്ച ശ്രദ്ധേയനായ എഴുത്തുകാരനാണ് ആനന്ദ്. കഥയുടെ പാരമ്പര്യസങ്കല്പങ്ങൾക്കു നിരക്കാത്ത പ്രമേയങ്ങളും ആവിഷ്കാരങ്ങളും അദ്ദേഹം സ്വീകരിച്ചു. കർക്കശവും നിരാർദ്രവുമായ ഭാഷ സ്വീകരിക്കുകയും കഥയെ തത്ത്വചിന്തയിലേക്കും സാമൂഹിക വിശകലനത്തിലേക്കും മാനസികാപഗ്രഥനത്തിലേക്കും മാറ്റി പ്രതിഷ്ഠിക്കുകയും ചെയ്തു. ജനക്കൂട്ടങ്ങളിൽ മുഖം നഷ്ടപ്പെട്ടുപോകുന്ന വ്യക്തികളെ ചിത്രീകരിക്കുന്ന 'ആൾക്കൂട്ടം', സാമൂഹ്യസ്ഥാപനങ്ങളുടെ നൂലാമാലകൾ ആവിഷ്കരിക്കുന്ന 'മരണസർട്ടിഫിക്കറ്റ്', തലമുറകളിൽ നിന്ന് തലമുറകളിലേക്ക് പ്രവഹിക്കുന്ന മനുഷ്യക്കൂട്ടങ്ങളുടെ ദുഃഖം ചിത്രീകരിക്കുന്ന 'അഭയാർഥികൾ', തെറ്റു ചെയ്യാതെ ശിക്ഷ അനുഭവിക്കേണ്ടി വരുന്ന നിരപരാധികളുടെയും ഭീകരകുറ്റകൃത്യങ്ങളിലൂടെ ഭൂമിയിൽ മരുഭൂമികൾ സൃഷ്ടിക്കുന്ന മാഫിയകളുടെയും ക്രൂരതകൾ ആവിഷ്കരിക്കുന്ന 'മരുഭൂമികൾ ഉണ്ടാകുന്നത്', - ഇങ്ങനെ ആനന്ദിന്റെ നോവലുകൾ വ്യത്യസ്തമായ ചിന്തകളുടെയും ഉത്തരം ലഭിക്കാത്ത സമസ്യകളുടെയും തുറന്ന ചർച്ചകളാവുന്നു.

ഒരു ജനസമൂഹത്തിന്റെ സാംസ്കാരിക പൈതൃകത്തിന്റെ പുരാവൃത്തങ്ങളാണ് മിത്തുകൾ. മലയാളത്തിൽ സേതു സ്വന്തമായി സൃഷ്ടിച്ച മിത്താണ് പാണ്ഡവപുരം. പുനത്തിൽ കുഞ്ഞബ്ദുള്ളയുടെ സ്മാരകശിലകൾ എന്ന നോവലിലും മിത്തു സൃഷ്ടിക്കുവാനുള്ള ഭാഗികമായ ശ്രമം കാണാം. അങ്ങനെ മനുഷ്യന്റെ ആന്തരിക ജീവിതത്തിന്റെ വിചിത്രവും വിഭ്രമജനകവുമായ ആവിഷ്കാരങ്ങളായി നോവൽ മാറിക്കൊണ്ടിരിക്കുന്നു. പാരമ്പര്യങ്ങൾ സ്വാംശീകരിച്ച് ലോക നോവലിൽനിന്ന് രചനാതന്ത്രങ്ങൾ സ്വീകരിച്ച് സ്വത്വം നേടി വളരുകയാണ് മലയാളനോവൽ.

**[ഡോ. എം.എം. ബഷീർ**

## അവധാരണചോദ്യങ്ങൾ

- ആധുനിക കേരളീയ സ്ത്രീത്വത്തിന്റെ വക്താവാണ് ഇന്ദുലേഖ - വിശദമാക്കുക.
- "എന്നാൽ മഞ്ഞ് തികച്ചും വ്യത്യസ്തമായ നോവലാണ്" - എന്തുകൊണ്ട്?
- മലയാള നോവൽ സാഹിത്യ ചരിത്രത്തിൽ സി.വി.യുടെ സ്ഥാനമെന്ത്?
- പൊറ്റെക്കാടിന്റെ നോവലുകളുടെ സവിശേഷത എന്ത്?
- നോവലിന്റെ ചക്രവാളത്തെ വികസ്വരമാക്കിയ ഘടകങ്ങൾ ഏതെല്ലാം?

■

# 18. ലോകാവസാനം

പൂമ്പാറ്റയുടെ പിന്നാലെ പോയ കുട്ടി ഭൂമി പിളരുന്നത് കൗതുകത്തോടെ നോക്കിനിന്നു.

ഭൂമി പിളർന്നത് തൊടിയിലെ മുളങ്കാടിനടുത്തായിരുന്നു. പിളരുന്നത് കാണാനും ചന്തമുണ്ടായിരുന്നു. ആരോ മണ്ണിൽ കത്തികൊണ്ട് കുത്തിക്കീറിയ പോലെയായിരുന്നു. ഭൂമി വിണ്ടുകീറിയത് പിന്നീടാണ്. എന്തിനോ വരാൻ വേണ്ടി വഴിമാറിക്കൊടുക്കുകയായിരുന്നു ഭൂമി. കുട്ടി അരികിൽ നിന്നു.

പുറത്തേക്ക് വന്നത് ഒരു ജന്തുവായിരുന്നു. അത് പൂച്ചക്കുട്ടിയുടെയത്രയുണ്ടായിരുന്നു. ഇത്താത്ത പെറ്റ പൈതലിന്റെ നിറമായിരുന്നു. അതിന്റെ പുറത്തു നിന്ന് നനവുള്ള മണൽത്തരികൾ ഉതിർന്നുവീണുകൊണ്ടിരുന്നു. ഇപ്പോൾ ഭൂമിയുടെ മുറിവ് മാഞ്ഞുപോയി. മണ്ണിനു മീതെ കീറിയ വടു മാത്രം കണ്ടിരുന്നു.

ജന്തു പെട്ടെന്ന് വളരാൻ തുടങ്ങിയല്ലോ. അതു കണ്ട കുട്ടിയുടെ കണ്ണു വിടർന്നു. കണ്ണു ചിമ്മിത്തുറന്നപ്പോൾ ജന്തുവിന് ആനക്കുട്ടിയുടെ വലുപ്പം. അതിശയം.

ആ അതിശയം നോക്കിനിൽക്കേ ഉമ്മ പറമ്പിലേക്കു വന്നത് കുട്ടി എങ്ങനെ കാണാനാണ്! കരച്ചിലാണ് ആദ്യം കേട്ടത്. തിരിഞ്ഞു നോക്കി. ഉമ്മ ഉറക്കെ കരയുന്നു. കാലിൽ മുള്ളു കുത്തിയോ. ഉമ്മ നല്ല ഉമ്മയാണ്. കാച്ചിയ പാൽ മുലക്കുപ്പിയിലാക്കിയാണ് ഉമ്മ കൊണ്ടുവന്നത്. കുട്ടിക്കെപ്പോഴും മുലക്കുപ്പിയിൽനിന്നു പാൽ കുടിക്കാനാണിഷ്ടം. നുണഞ്ഞു നുണഞ്ഞു കുടിക്കാം. ഗ്ലാസിന്റെ വക്കിൽ ചുണ്ടു തട്ടുന്നത് കുട്ടിക്കിഷ്ടമില്ല. മുലക്കുപ്പി നിലത്തു പൊട്ടിക്കിടക്കുന്നു. പാൽ തൂത്തു.

ഉമ്മ മണ്ണിലേക്ക് വീണിരുന്നു. യാ റബ്ബേ, യാ ബദ്‌രീങ്ങളേ.

കുട്ടി ഉമ്മയുടെ അടുത്തേക്കോടി. അപ്പോഴും ജന്തുവിനെ കണ്ണിട്ട് നോക്കുന്നുണ്ടായിരുന്നു. കോലായിൽ നിന്ന് ബാപ്പയും പാഞ്ഞു വന്നു. തിടുക്കത്തിൽ ബാപ്പ ഉമ്മയുടെ അടുത്തിരുന്നു. ഉമ്മ



യുടെ നെറ്റിയിൽ തൊട്ടു ബാപ്പ. കുട്ടിക്ക് പനിച്ചാൽ ഉമ്മ എപ്പോഴും നെറ്റിയിൽ കൈവയ്ക്കും. ബാപ്പ അന്നേരം തല ഉയർത്തി. ബാപ്പയും ജന്തുവിനെ കണ്ടല്ലോ. ബാപ്പ വാ പിളർന്നു. കണ്ണു വട്ടമിട്ടു. പിന്നെ ഉമ്മയെപ്പോലെ ഉറക്കെ ഒരു കരച്ചിൽ. ബാപ്പ കരയുന്നത് കുട്ടി മുമ്പു കണ്ടിട്ടില്ല. ഉമ്മയും ബാപ്പയും കരയുന്നതെന്തിന്? കുട്ടി ജന്തുവിനെ നോക്കി.

അവനും വാ പൊളിച്ചു. ഹൗ! ആനയെ കുട്ടി കണ്ടിട്ടുണ്ടായിരുന്നു. പള്ളിയിലെ നേർച്ചയ്ക്ക് നെറ്റിപ്പട്ടം കെട്ടിയ ആനയെ തളച്ചിടുന്നത് മുറ്റത്തെ തന്തപ്ലാവിന്റെ ചുവട്ടിലായിരുന്നു. ഇത് ആനയല്ല. ദിവസവും കുതിരയെ കുട്ടി കാണാറുണ്ടായിരുന്നു. ബംഗ്ലാവിലെ മൂപ്പർ പോവുക കുതിരവണ്ടിയിലാണ്. ഇത് കുതിരയല്ല. ആടിനെയും പോത്തിനെയും കണ്ടിരുന്നു. ഇതാടുമല്ല. പോത്തുമല്ല. ക്ലാസിലെ പുസ്തകത്തിലും ഈ ജന്തുവില്ല. യാക്കിന്റെ ചിത്രമുണ്ട്. ഇതില്ല. ഇതെന്തൊരു ജന്തുവെന്റുമ്മാ!

കുട്ടിക്ക് അദ്ഭുതമായി.

ആനയെക്കാൾ വണ്ണം കൂടിയ നീണ്ട കാലുകൾ. പിൻകാലുകൾ കുറിയതാണ്, കേട്ടോ. നിലത്തിഴയുന്ന വാലിനും എന്തൊരു വണ്ണം. കഴുത്തിന് മുറ്റത്തെ തൈത്തെങ്ങിന്റെ ഉയരമുണ്ട്. മുഖം മാത്രം ചെറുത്. ബാപ്പയുടെ മുഖം പോലെ. കുട്ടിയുടെ മുഖം പോലെ. ചെവി കുഞ്ഞാടിന്റേത്. കൊമ്പില്ല.

ജന്തുവിന്റെ നടുപ്പുറത്ത് പൂമ്പാറ്റ ചെന്നിരുന്നു.

അമ്പട പൂമ്പാറ്റേ. നിന്നെ ഞാൻ പറ്റിക്കും. ജന്തുവിന്റെ പുറത്തു കയറും. അതിന്റെ പുറത്തിരുന്നു കൈ നീട്ടിയാൽ; മാമ്പഴം. അതു പറിച്ചെടുക്കും ഞാൻ. നിനക്കതു കഴിയില്ലല്ലോ. ഒരു കഷണം മാമ്പഴം പോലും തരില്ല. കുട്ടി പൂമ്പാറ്റയെ കൊഞ്ഞനം കുത്തി. നോക്കിക്കോ.

കുതിരപ്പന്തിയിൽനിന്നോടിവന്ന കുതിരക്കാരനെ അവൻ കണ്ടില്ല. മൊല്ലാക്കയെയും കുട്ടികളെയും കണ്ടില്ല. അവൻ ജന്തുവിന്റെ പുറത്ത് സവാരി ചെയ്യുന്നത് ഓർക്കുകയായിരുന്നു...

കോടതിമതിൽ ചാടി ആളുകൾ വരുമ്പോഴാണ് അവൻ എല്ലാവരെയും കണ്ടത്. ജന്തുവിനെ കാണാൻ അവർക്കും പൂതി ഉണ്ടാവില്ലേ! കാണട്ടെ സകലരും. നാലുപാടു നിന്നും ആളുകൾ വന്നു. വന്നവർ വന്നവർ അടുക്കുന്നില്ല. അവൻ മാത്രം ജന്തുവിന്റെ അടുത്ത്. അവർക്കൊക്കെ പേടി. ചിലർ കരയുന്നു. ചിലർ മണ്ടുന്നു.

പേടിക്കാനെന്താണ്? ആനയെക്കണ്ടാൽ പേടിച്ചു പായാറുണ്ടോ? അവർ കുശുകുശുക്കുന്നതു കേട്ടു. അവർക്കു നടുവിൽ മൊല്ലാക്ക. മൊല്ലാക്കയുടെ കൈവിരൽ മൂക്കത്താണ്. ആളുകളുടെ നാവുകൾ ഇളകി മറിയുന്നു. ഇവിടെ ഒരു കുഴപ്പവുമില്ല.

ജന്തുവിനെ കാണാനും ബഹുരസം. ജന്തു അനങ്ങാതെ നിന്നു. ജന്തു നോക്കുന്നത് അവനെയാണ്. ഒരു ചിരി അതിന്റെ മുഖത്ത് ഒളിച്ചു കളിക്കുന്നുണ്ട്. അവനും ചിരിച്ചു. അതിനു മാത്രം കാണാം കുട്ടിയുടെ ചിരി. അതിന്റെ ചുണ്ടുകൾ ഇളകിയിരുന്നു. എന്തോ അവനോട് ജന്തുവിന് പറയാനുണ്ട്. ഈ ആളുകളുടെ ഒരൊച്ച. ഒന്നും സമ്മതിക്കില്ല. നീ എന്നെ പുറത്തു കയറ്റുമോ.

ജന്തു തലയാട്ടി. നല്ല ജന്തു.

അത് നാവു നീട്ടിയല്ലോ. നാവിൽ ഒരുപാട് വെള്ളം. അയ്യേ നുണയനാണല്ലേ. കത്തിച്ചുണ്ടൻ മാമ്പഴം കണ്ടു കൊതിച്ചിട്ടുണ്ടാവും. മാമ്പഴം കണ്ടാൽ അവനും നാവിൽ വെള്ളമൂറും. ഉമ്മ മൂക്കിൽ പതുക്കെ നുള്ളിപ്പറയും. കൊതിയൻ കുട്ടി. ജന്തു നീ എന്നെ പുറത്തു കയറ്റിയാൽ മാങ്ങ പറിച്ചു തരാം, ട്ടോ. ആരോടും പറയരുത്. ജന്തു അസ്സലായി ചിരിച്ചു. ഞാൻ പറയുന്നത് ഇതിനറിയാം.

ജന്തു ആരെയും ഒന്നും ചെയ്തില്ല. അകന്നു നിന്നവർ ജന്തുവിനെ എന്തു ചെയ്യണമെന്ന് തർക്കിക്കുന്നത് കുട്ടി കേട്ടുകൊണ്ടിരുന്നു.

ജന്തു അനങ്ങിയില്ല. പോത്താണെങ്കിൽ ആൾക്കാരുടെ ഈ കലപില കേട്ടാൽ പായുമായിരുന്നു. ആട്ടിൻകുട്ടിയാണെങ്കിൽ പിന്നെ അതിന്റെ നിറം പോലും കാണില്ല. ഇത് നിന്ന നിൽപ്പു

തന്നെ. മൊല്ലാക്കയുടെ വളപ്പിലെ കരിമ്പാറ പോലുണ്ട്. നടക്കാനറിയാത്ത ജന്തു. ഇത്താത്ത യുടെ കുഞ്ഞിമോളെപ്പോലെ.

പറമ്പു നിറച്ചും ആളുകൾ, ഇത്ര ആളുക ളുണ്ടോ ഇവിടെ! ഇന്നലെ സർക്കസിനു പോലും ഇത്രയാളില്ലായിരുന്നു. തൊടിയുടെ അപ്പുറത്താണ് സർക്കസ് കൂടാരം. ഇന്നലെ ബാപ്പ അവന് സർക്കസ് കാണിച്ചുകൊടുത്തല്ലോ. ഹായ്.

ജന്തുവിനും ആളുകൾക്കും ഇടയിലുള്ള സ്ഥലം ഒഴിഞ്ഞുകിടന്നു. അവിടെ പയർ പൂവിട്ടി രുന്നു. പൂക്കളിൽ തേനീച്ച പാറുന്നുണ്ടായിരുന്നു. പൂക്കൾക്ക് അവന്റെ നീലക്കുപ്പായത്തിന്റെ നിറമാ യിരുന്നു.

ഉമ്മ ഓടിവന്നത് പെട്ടെന്നാണല്ലോ. ഉമ്മ അവനെ കെട്ടിപ്പിടിച്ചു. അവൻ കൈകാൽ കുതറി. ഉമ്മ വിടുന്നില്ല. ഉമ്മയുടെ നനഞ്ഞ മുഖം കുട്ടി കണ്ടു. ഉമ്മയുടെ പല്ലുകൾ കൂട്ടിമുട്ടിയിരുന്നു. ഉമ്മ അവനെയും എടുത്തു വീട്ടിനകത്തേക്ക് ഓടി. ഉമ്മ യുടെ തട്ടം പാറിവീണത് ഉമ്മ കണ്ടില്ല. ഹും, അവൻ പറയില്ല. ജന്തുവിനെ കാണാൻ സമ്മതി ക്കാത്ത ഉമ്മയുടെ തട്ടം പോട്ടെ.

കുട്ടിക്ക് വീട്ടിൽ പോകണ്ട. ഇന്നു സ്കൂളിലും പോകണ്ട. അവന് ജന്തുവെ കണ്ടു കണ്ടു നിൽക്ക ണം.

എല്ലാവരും പോയിട്ടു വേണം. പതുക്കെ അതിന്റെ നിലത്തിഴയുന്ന വാലിൽ കയറണം. പിന്നെ മീതേക്ക്. ജന്തുവിന്റെ നടുപ്പുറത്തു കയറി നിവർന്നിരിക്കണം.

ഉമ്മ അവനെ മുറുക്കിപ്പിടിക്കുന്നു. അവൻ കര ഞ്ഞു. ഉമ്മ കണ്ണീർ തുടച്ചു. വേണ്ട. എന്റെ കണ്ണീർ തുടയ്ക്കണ്ട. മോനു പാലു തരാം. വേണ്ട. പഴം തരാം. വേണ്ട. വേണ്ട.

നല്ല ഉമ്മ ചിലപ്പഴ് ചീത്ത ഉമ്മയാണ്.

ഉമ്മ അവന്റെ നെറുകയിൽ തലോടിയിരുന്നു. ഉമ്മ അവനെ ഒക്കത്ത് ഇരുത്തിയിരുന്നു. എന്തു ചെയ്തിട്ടും കാര്യമില്ല. ഒടുക്കം ജനാലയ്ക്ക് അപ്പു റത്തുള്ള മത്താരണയിൽ ഉമ്മ വന്നിരുന്നു. ഹാവു. ഇപ്പോൾ ജന്തുവിനെ ദൂരെ നിന്നെങ്കിലും കാണാം.

ജനലിൽ ആളുകളുടെ ഒച്ച വന്നു തുടിച്ചിരു ന്നു. തന്തപ്പിലാവിന്റെയും ചക്കരമാവിന്റെയും ഇല കൾ വിറച്ചിരുന്നു. അവനും തണുത്തിരുന്നു. കുട്ടി കേട്ടു.

- ആളെ ചതിക്കാൻ ഇബ്‌ലീസ് പല കോല ത്തിലും വരും.

- അല്ലാഹു അ അലം

- ജിന്നായിരിക്കോ,

- ഇസ്ലാം ജിന്നോ, കാഫർ ജിന്നോ?

- എന്തായാലെന്ത്! കാണാൻ നല്ല രസം.

അന്നേരം ആൾക്കൂട്ടത്തിൽ നിന്നൊരുവൻ ഉന്തിത്തിരക്കി വന്നു. അവന്റെ തലയിൽ പുള്ളിക ളുള്ള കൂമൻതൊപ്പി ഉണ്ടായിരുന്നു. ചുവപ്പുവര യുള്ള കാൽസ്രായിയും പച്ചപ്പൂക്കളുള്ള കുപ്പായവും ഇട്ടിരുന്നു. വടി വീശി അവൻ വന്നു. സർക്കസ്സു കാരൻ. ഇന്നലെയും അവനെ കണ്ടിരുന്നു. അവൻ ഇന്നലെ ആനയെ ഇരുത്തി സലാം കാണിപ്പിച്ചു. ആന ചെറിയ പലകയിൽ ഇരിക്കുന്നതു കണ്ടാൽ പാവം തോന്നും. കൈയിലുള്ള വടികൊണ്ട് അവൻ ആനയെ കുത്തിയിരുന്നു. ഡേയ്, ഡേയ്! പിന്നെ അവൻ കുതിരപ്പുറത്തേക്ക് ചാടിക്കയറി. അവൻ കുതിരയുടെ മേൽ നിന്നു. വടിയും വീശി. അവൻ കുതിരയെ കളത്തിനു ചുറ്റും ഓടിച്ചു. അവനു വെച്ചനിലയാണ്. അവന്റൊരു പത്രാസ്.

ജന്തുവിനെ അടിക്കാൻ വന്നതാണവൻ. അടി ക്കരുതേ, പടച്ചോനേ! അവൻ അടിച്ചാലും ഇവിടെ ആരും ഒന്നും പറയില്ല. അവനൊരു വമ്പൻ.

സർക്കസ്സുകാരൻ ആൾക്കൂട്ടത്തിൽ തങ്ങി. അവൻ വടിയും വീശി മമ്പോട്ടു നീങ്ങി. അവനു പേടിയില്ല. ജന്തുവിനും അവനെ ഇഷ്ടമില്ല. അവനെ കാണാത്ത മാതിരി നിന്നു. അങ്ങനെ വേണം. അവൻ ജന്തുവിന്റെ പള്ളയ്ക്കു കുത്തി. ജന്തു കരഞ്ഞില്ല. ആളുകൾ നോക്കിനിൽക്കുക യായിരുന്നു. സർക്കസ്സുകാരൻ ജന്തുവിന്റെ ചുറ്റും മണ്ടിനടന്നു. ജന്തുവിന്റെ വാലും കാലും തൊട്ടു നോക്കി. ചിരിച്ചാണവൻ ആൾക്കൂട്ടത്തിലേക്ക് മടങ്ങി വന്നത്. ആളുകൾ അവന്റെ ചുറ്റും.

-പരിഭ്രമിക്കാനില്ല. ഒരു പഴങ്കാല ജന്തുവാണ്.

-ദ്രോഹിക്കോ?

- നിശ്ചല്യ, ദ്രോഹിച്ചേക്കും.

-കൊന്നാലോ?

-വെടിക്കാരനെ വിളിക്കാം.

- വേണ്ട

സർക്കസ്സിലേക്കെടുക്കാം.

കുട്ടിക്കത് തീരെ ഇഷ്ടമായില്ല. മൊല്ലാക്ക ഓത്തുപുരയിലെ കുട്ടികളെ ചൂരൽകൊണ്ടടിക്കുന്നതു പോലെ അവനെ തല്ലി ഓടിക്കണം. ജന്തുവിനെ സർക്കസ്സിലേക്കെടുത്താൽ അവരതിനെ കൂട്ടിലാക്കും. നരിയെ അവർ കൂട്ടിലാക്കിയിട്ടുണ്ട്. പിന്നെ അതിന്റെ പുറത്തു കയറി അവനു തൊടിയിൽ ചുറ്റാൻ കഴിയുമോ?

അവൻ ജന്തുവിനെ നോക്കി. അതു കണ്ണിറുക്കുന്നു. അതിനും അറിയാം. അവനു ചിരി വന്നു. നിങ്ങൾക്ക് എളുപ്പത്തിലൊന്നും ജന്തുവിനെ പറ്റിക്കാൻ പറ്റില്ല.

വെയിലു മൂത്തിരുന്നു. കോടതിയെടുപ്പിന്റെ കിളിവാതിലിൽ ഉറക്കം തൂങ്ങിയ കണ്ണുകളോടെ അമ്പലപ്പിറാവുകളും ജന്തുവിനെ നോക്കിയിരിപ്പാണ്. അന്നേരം അവ ചിറകുകൾ കുടഞ്ഞിരുന്നു. ഉമ്മയുടെ അരഞ്ഞാണിന്റെ നിറമുള്ള തൂവലുകൾ താഴെ വീണുകൊണ്ടിരുന്നു. അവ കാറ്റിൽ ഊതിപ്പറപ്പിക്കാൻ രസമാണ്. അതിനും സമ്മതിക്കുന്നില്ല, ഉമ്മ.

ക്ണിം, ങ്ണിം, ക്ണിം... തുരുതുരെയുള്ള മണികിലുക്കം കേട്ട് അവൻ കണ്ണു തുറന്നു. അവൻ ഉറങ്ങിയിരുന്നില്ല. എന്നാലും എവിടെയോ ആയിരുന്നു. ഒച്ച കേട്ട് അവൻ ചെത്തുവഴിയിലേക്ക് കണ്ണോടിച്ചു.

നെറ്റിയിൽ ചുവന്ന തൂവൽപ്പൂവ് വച്ച കുതിര. ഹായ്, ഹായ്, പറന്നുവരുന്നു. പിന്നിൽകെട്ടിയ കുതിരവണ്ടി കുലുങ്ങുന്നുണ്ടായിരുന്നു. വണ്ടി നിന്നത് അവന്റെ പടിക്കലാണ്. പച്ചക്കോട്ടിട്ട് പച്ച ഉറുമാല് കെട്ടി വെളുത്ത നീളക്കുപ്പായം ഇട്ട ഒരാൾ വണ്ടിയിൽ നിന്നിറങ്ങാൻ പോകുന്നു. കുപ്പായത്തിന്റെ വെള്ളനിറം അയാളുടെ കാൽമുട്ടുവരെ കാണാമായിരുന്നു. കറുത്ത ബൂട്സാണ് കാലിൽ. കറുത്ത ബൂട്സ് അവനും ഉണ്ടല്ലോ. മാർക്കം കുളിച്ചു പള്ളിയിൽ നിസ്കരിക്കാൻ പോയ ദിവസം അവനും ബൂട്സിട്ടിരുന്നു. അന്നവരെ കണ്ടു. അവന്റെ തലയിൽ അവർ കൈ വച്ചു. ഓ. തങ്ങപ്പാപ്പാ. തങ്ങപ്പാപ്പ.

വണ്ടിയിൽ നിന്നിറങ്ങാൻ തങ്ങപ്പാപ്പയ്ക്ക് മൊല്ലാക്കയുടെയും ബാപ്പയുടെയും കൈപിടിച്ചു കൊടുത്തു. ബാപ്പ തങ്ങപ്പാപ്പയുടെ കൈ മൊത്തി. ഉമ്മ അവന്റെ മുഖത്ത് മുത്തം വെക്കുംപോലെയായിരുന്നു. നേരെയാണ് തങ്ങപ്പാപ്പ നോക്കുന്നത്. ആരെയും നോക്കുന്നില്ല. വഴി മാറി ആളുകൾ. പലരും സലാം ചൊല്ലി. പലരും പിന്നിൽ കൂടി. മുമ്പിൽ തങ്ങപ്പാപ്പ മാത്രം.

തങ്ങപ്പാപ്പയ്ക്ക് പേടിയില്ല. നേരെ ജന്തുവിന്റെ നേർക്കാണ് പോകുന്നത്.

ജന്തുവിനും പേടിയില്ല.

തങ്ങപ്പാപ്പ ജന്തുവിനെ നോക്കി

ജന്തു തങ്ങപ്പാപ്പയെയും നോക്കി.

തങ്ങപ്പാപ്പയുടെ മുഖത്ത് ചിരി. ജന്തുവിന്റെ മുഖത്തും ചിരി. രണ്ടുപേരും സമാസമം. കൊള്ളാം. അവനിഷ്ടമായി. തങ്ങപ്പാപ്പയും ജന്തുവും കുട്ടിയും ഒരുപോലെയാണ്. തങ്ങപ്പാപ്പ പുറകിൽ കൈകെട്ടി അങ്ങോട്ടുമിങ്ങോട്ടും നടന്നു. കൈയിലെ നിസ്കാരമാല ചുഴറ്റുന്നുണ്ടായിരുന്നു. തങ്ങപ്പാപ്പ ജന്തുവിനോട് പറഞ്ഞു.

അസ്സലാമു അലൈക്കും

ഉറക്കെ കാറ്റടിക്കുന്നുണ്ടായിരുന്നു. പ്ലാവിലകൾ തെരുതെരെ വീണുകൊണ്ടിരുന്നു. മാവിന്റെ കൊമ്പ് മുറിഞ്ഞുവീണു. ആ ഒച്ചയിൽ ജന്തു പറഞ്ഞത് കേട്ടില്ല. ആളുകൾ തങ്ങപ്പാപ്പയെ പൊതിഞ്ഞു. തങ്ങപ്പാപ്പ കൈ മേലോട്ട് ഉയർത്തി. മലർത്തിയാണ് ഉയർത്തിയത്. ആളുകളും അതുപോലെ ചെയ്യുന്നു.

തമ്പുരാനേ, ഉടേതമ്പുരാനേ. നീ അയച്ച അലാമത്ത് ഞങ്ങൾ കണ്ടിരിക്കുന്നു. നേരും നെറിയും വിടാതെ നിസ്കരിച്ചും നോമ്പു നോറ്റും

ഞങ്ങള് സൂക്ഷിച്ചോളാം തമ്പുരാനേ, ഞങ്ങളുടെ ചെറുദോഷങ്ങളും വൻദോഷങ്ങളും പൊറുത്തു തരണേ തമ്പുരാനേ-

തങ്ങപ്പാപ്പ ചുണ്ടിൽ കൈമൊത്തുന്നത് അവൻ കണ്ടു.

-ആമീൻ

ആളുകൾ ഉരുവിട്ടു. ഇപ്പോൾ ഇലകൾ അനങ്ങുന്നില്ല. ആളുകളുടെ നാവുകൾ ഇല്ലാതായിരിക്കുന്നു.

അവർ അരണ്ടു.

- ഖിയാമം[2] ആയിപ്പോയി

യാ- റബ്ബുൽ ആലമീൻ.

പലരും പറമ്പിൽ ഇരുന്നുപോയല്ലോ. ചിലർ മുക്രയിട്ടു കരയുന്നു. നെഞ്ചത്ത് രണ്ടുകൈകൊണ്ടും അടിക്കുന്നു ബാപ്പ. ഉമ്മയുടെ മുഖത്ത് കണ്ണീരൊഴുകുന്നു.

-ലക്ഷണം കൊണ്ട് ദാബത്തുൽ അറള്. ലോകാവസാനം ഭൂമി പിളർന്നു വരുന്ന ജന്തു. അതു സംസാരിക്കും. സത്യം പറയും. നാടുചുറ്റും.

- ഈ ജന്തു സംസാരിക്കുന്നില്ലല്ലോ.

- കുരുത്തം കെട്ടോൻ

കുരുത്തം കെട്ടോൻ പടേ, മാമ്പഴം വീഴുംപോലെ വീണു. തങ്ങപ്പാപ്പ അവനെ തർക്കിച്ചു നോക്കി. പിന്നെ അവിടെ നിന്നില്ല തങ്ങപ്പാപ്പ. വന്നപാടെ പോയി. കാറ്റടിക്കുംപോലെ പോയി. കുതിരവണ്ടിയുടെ മണികിലുങ്ങുന്നുണ്ടായിരുന്നു. കിലുക്കം ദൂരെനിന്നായി. പിന്നെ ഇല്ലാതായി. ആരും മിണ്ടിയില്ല. അവർ മുഖത്തോടുമുഖം നോക്കി. അവർ വാടിയിരുന്നു. മുറ്റത്തെ ഇറഹാൻ ചെടിയുടെ ഇലകളും വാടിയിരുന്നു. മൊല്ലാക്ക ചെന്ന് കുരുത്തംകെട്ടോന്റെ പള്ളയ്ക്ക് നാലു ചവിട്ടു കൊടുത്തു. അവന് അങ്ങനെ വേണം. സർക്കസ്സുകാരനെയും ചവിട്ടണം മൊല്ലാക്കാ.

കുരുത്തംകെട്ടോൻ പടച്ചോനെ വിളിച്ചു കരയുകയായിരുന്നു.

-യാ അല്ലാഹ്!

മൊല്ലാക്ക ചൊല്ലുന്നു. ആൾക്കൂട്ടവും ചൊല്ലുന്നു. ഒരു പാട്ടുപോലെ തൊടിയിലതു കേൾക്കാം. ഉമ്മ ഏറ്റുപാടുന്നു. അവന്റെ നാവിൻതുമ്പിൽ വന്നു യാ അല്ലാഹ്!

കുട്ടി തർക്കിച്ചു നോക്കി. ജന്തു ചൊല്ലുന്നുണ്ടോ? ഉണ്ടല്ലോ. അതിന്റെ ചുണ്ട് അനങ്ങുന്നു.

- ഇവിടെ ഇങ്ങനെ നിറുത്തുന്നത് ആപത്താണേ.

- എന്തു ചെയ്യും? അടിച്ചു തെളിച്ചാൽ പോകുമോ?

- പാടില്ല.

- ഏതിരേറ്റു പോകാം.

- എവിടേക്ക്?

തൽക്കാലം സർക്കസ് കൂടാരത്തിലാക്കാം. പിന്നെ തങ്ങപ്പാപ്പയുമായി ആലോചിച്ച്-

കുട്ടി കണ്ടു: ജന്തു വലതുകാൽ മുന്നോട്ടു വച്ചു. പതം വന്ന മണ്ണിൽ കിണർവട്ടത്തിലുള്ള കുഴി. ആളുകൾ നിലവിളിച്ചോടി. അവൻ കൈകൊട്ടിച്ചിരിച്ചു. അവന്റെ ജന്തുവിനെ കൂടാരത്തിലേക്ക് കൊണ്ടുപോകാൻ വന്ന വമ്പന്മാർ തോറ്റുപോയി. അപ്പോൾ ജന്തു ഇടതുകാലും... നടക്കും. അതിന്റെ കഴുത്ത് പ്ലാവില തൊട്ടു.

പാഞ്ഞത് ബാപ്പയും മൊല്ലാക്കയും ആയിരുന്നു. ജന്തു അവനെ പുറത്തു കയറ്റി, കാലടി വെച്ച് ചെത്തുവഴിയിലൂടെ കൊണ്ടുപോകുമ്പോൾ അവൻ മരം തൊട്ടു, പൂ പറിച്ചു.

വലിയ ചെമ്പാണ് ബാപ്പയും മൊല്ലാക്കയും താങ്ങിപ്പിടിച്ചു കൊണ്ടുവന്നത്. അതിൽ നിറയെ പാലുണ്ടായിരുന്നു. കവണ്ടത്തിൽ കെട്ടി രണ്ടു പഴക്കുലകൾ രണ്ടാളുകൾ കൊണ്ടുവന്നു. അവരത് ജന്തുവിന്റെ മുമ്പിൽ വെച്ചു മാറി. അവർക്കെന്തൊരു ഒതുക്കമാണ്. തിന്നോ, ജന്തൂ. നല്ല പഴമാണ്.- ജന്തു പ്ലാവില കടിച്ചു ചവയ്ക്കുകയായിരുന്നു.

കുട്ടി സങ്കടപ്പെട്ടു. ജന്തു പഴം മണത്തുനോക്കുന്നതുപോലുമില്ല. അവന്റെ നെറ്റിയിലേക്ക് വീണ മുടിച്ചീളുകൾ ഉമ്മ ഒതുക്കിവയ്ക്കുകയാ

യിരുന്നു. മാമ്പൂവ് കാറ്റിൽ ആടിയിരുന്നു. തെളിഞ്ഞ ആകാശം മുട്ടുകുത്തിക്കിടന്നു. അതൊരു വലിയ സർക്കസ് കൂടാരത്തിന്റെ മോന്തായം പോലെയായിരുന്നു. കൂമൻതൊപ്പിയിട്ട സർക്കസ്സുകാരൻ മതിൽ ചാടി തിടുക്കത്തിൽ പോയി. പിറകെ കൂടി കുറേയാളുകൾ.

കൂടാരം അകലെ. അതിനപ്പുറം ചീപ്പിട്ട പത്തായങ്ങൾ ഇന്നലെ കുട്ടി കണ്ടിരുന്നു. അതിലാണ് നരിയും പുലിയും. പത്തായങ്ങൾക്ക് അഴിയുണ്ടായിരുന്നു. അതിലൂടെ മുക്രയിട്ടു നടക്കുന്ന പുലിയെ കാണാം. പുലിയുടെ പള്ളമേൽ കറുത്ത പുള്ളികളുണ്ടായിരുന്നു. പുലി ചെറുത്. ജന്തു വലുത്. ജന്തുവിന് അക്കൂടൊന്നും പോരാ. അതൊന്നും സർക്കസ്സുകാരന് ഉണ്ടാക്കാൻ പറ്റില്ല.

ആളുകൾ ഇരുമ്പുചട്ടകൾ ഉറപ്പിക്കുന്നുണ്ടായിരുന്നു. അതിന്മേൽ ചാടിക്കയറി ആളുകൾ. മോന്തായം ഇരുമ്പുചട്ടകൾ കൊണ്ടാണ്. കൂടാരത്തോളം പൊക്കമുണ്ട് കൂടിന്. കൂടിന്റെ വാതിൽ തുറന്നുവെച്ചിരുന്നു.

കുട്ടി ഉമ്മയുടെ മടിയിൽ ഇരുന്നു. അവർ തോൽക്കും. ജന്തു ചവിട്ടിയാൽ കൂട് പടപടാ... പപ്പടം പൊട്ടുംപോലെ. ജന്തു അവന്റേതാണ്. അവനോട് ചോദിക്കാതെ പോകില്ല. ജന്തു വലം തിരിഞ്ഞു. കൂടാണത് നോക്കിയത്. ജന്തു മുരണ്ടു.

മുട്ടും വിളിയും വന്നത് കുട്ടി കണ്ടിരുന്നില്ല. ദബ്ബുകൾ മുട്ടി. കുഴലുകൾ പാടി. പള്ളിയിലേക്കുള്ള വരവുപോലായിരുന്നു. ജാറത്തിലെ കൊടികളെല്ലാം അവരുടെ കൈയിലുണ്ട്. കൊട്ട് ജോറായി. പാട്ട് ഉറക്കെയായി. മൗലീദും ഓതിയിരുന്നു. മൗലീദ് അവനറിയാം. അവന്റെ മാർക്കത്തിന് മൗലീദ് ഉണ്ടായിരുന്നു. കോലായിൽനിന്നാണ് ഓതിയത്. അന്നേരം പുതിയ കുപ്പായമിട്ട അവനെ ഒസ്സാനും അമ്മോനും പിടിച്ചു. ട്രൗസർ അഴിച്ചു. കുപ്പായം അഴിച്ചു. അവൻ കരഞ്ഞില്ല. അവന്റെ വായ് അമ്മോൻ കൈകൊണ്ടമർത്തിയിരുന്നു. കൈയും കാലും പിടിച്ചിരുന്നു. കൂയ് കൂയ്...

യാ നബീ സലാമു അലൈക്കും!

.യാ റസൂൽ സലാമു അലൈക്കും!

കൊട പിടിച്ച് മുട്ടും വിളിയുമായി മൗലീദോതി ആളുകൾ നീങ്ങുകയായിരുന്നു. പോകല്ലേ. കുട്ടി ജന്തുവിനോട് പറഞ്ഞു. ജന്തുവിന്റെ കാതിൽ അതെത്തിയില്ലല്ലോ. ജന്തു പതുക്കെ നടന്നു. പോകയാണോ? കോടതിമതിൽ പൊളിക്കാൻ വെട്ടുകത്തികളുമായി ആളുകളോടി. കുട്ടിക്കു വിയർത്തു. മതിലു പൊളിക്കേണ്ടിവന്നില്ല. ജന്തു കാലുകൊണ്ട് ഒരൊറ്റച്ചവിട്ട്. മതിൽ തവിടുപൊടിയായി. അവന് ചിരി വന്നു. അവന് കരച്ചിലും വന്നു. ജന്തു പോയി. സർക്കസ്സുകാർ കൊണ്ടുപോയി.

തൊടിയിൽ ആളൊഴിഞ്ഞു. സർക്കസ്സു തമ്പിലെ വിളക്കുകൾ കത്തിയിരുന്നു. വിളക്കിന്റെ മാലകളാണ് കൂടാരം ഇട്ടിട്ടുള്ളത്. ജന്തുവിനെ കാണാൻ അവനൊരു സൂത്രം പറഞ്ഞു. ഉമ്മാ, എനിക്കു സർക്കസ്സു കാണണം.

-നാളെ.

കുട്ടി ഊക്കിൽ കുതറി. ഉമ്മ പിടിമുറുക്കിയല്ലോ. മേലു വേദനിക്കുന്നു. ഉമ്മയുടെ കൈകളുടെ അഴിക്കൂട്ടിലാണവൻ. ജന്തു സർക്കസ്സുകാരന്റെ അഴിക്കൂട്ടിലാണ്. അവർ രണ്ടുപേരും കൂടുകളിലാണ്. ഉമ്മയോട് വീണ്ടും കെഞ്ചി, സമ്മതിക്കുന്നില്ല. ഇല്ല. ഇനി ഉമ്മയോട് പിണക്കം.

കുട്ടി കരഞ്ഞു. കരഞ്ഞുകരഞ്ഞ് കൺപോളകൾ വീർത്തിരുന്നു. എന്നിട്ടും ഉമ്മ വിട്ടില്ല. ബാപ്പയോട് ഉമ്മ പറയുന്നു. കുട്ടിക്കെന്തോ വന്നെത്തിപ്പോയി. നാളെ മൊല്ലാക്കയെക്കൊണ്ട് ചരടുകെട്ടിക്കണം. ബാപ്പ സമ്മതിക്കുന്നു. അവന് ബാപ്പയെ വേണ്ട. ഉമ്മയെ വേണ്ട, മൊല്ലാക്കയെ വേണ്ട. ആരും വേണ്ട. അവർ ജന്തുവിനെ സർക്കസ്സുകാരന് കൊടുത്തല്ലോ. രാത്രിയിൽ ആരും കാണാതെ അവനും ജന്തുവും പോകും. പടി കടന്ന്, പാടം കടന്ന്, പുഴ കടന്ന്, മല കടന്ന്, നാടു കടന്ന്, കാടു കടന്ന്...

ഇരുളു പരക്കുന്നത് കുട്ടി അറിഞ്ഞിരുന്നില്ല. ആദ്യം ഇരുളിന്റെ പാട വീണിരുന്നു. ഇരുൾ കട്ടിയായി. ഒന്നും കാണുന്നില്ല. കൺപോള കടയുന്നു. കണ്ണു താനെ അടയുന്നു. കണ്ണിനു ചുറ്റും നീലവട്ടം, മഞ്ഞവട്ടം, കറുത്തവട്ടം. ഉമ്മ തൂങ്ങിക്കിടക്കുന്ന

കുട്ടിയുടെ കാല് കിടക്കയിലേക്ക് വെച്ചപ്പോൾ അവൻ കാലിട്ടടിച്ചിരുന്നു. ദേഷ്യം തീർക്കാൻ വീണ്ടും കാൽ താഴേക്കിട്ടു. കാണട്ടെ ഉമ്മ.

ഉറങ്ങിയിരുന്നു. അന്നേരം ജന്തു അവനരികിൽ വന്നു. അവൻ മുലക്കുപ്പിയിൽ നിന്ന് ജന്തുവിന് പാല് കൊടുത്തിരുന്നു. ഒറ്റവലിക്ക് കുടിച്ചു ചീർത്തു ജന്തു. വീണ്ടും വീണ്ടും അവൻ ചെമ്പിൽ നിന്ന് കുപ്പി നിറച്ച് ജന്തുവിന് കൊടുത്തുകൊണ്ടിരുന്നു. ദാഹം തീരുവോളം കുടിക്ക് ജന്തൂ. എന്റെ കൈ കുഴയുന്നില്ല. അവൻ കൈ വീശി. കൈ കട്ടിലിൽ മുട്ടി.

ഉമ്മയുടെയും ബാപ്പയുടെയും നടുവിലാണ് അവൻ കിടക്കുന്നത്. ജന്തുവിനെ കാണുന്നില്ല. പാൽച്ചെമ്പും കാണുന്നില്ല. മുലക്കുപ്പിയുമില്ല. എല്ലാം എവിടെപ്പോയി. അവൻ കിനാവു കാണുകയായിരുന്നു. ചരിഞ്ഞുകിടക്കുന്ന ഉമ്മയുടെ നടുപ്പുറം കാണാം. ഉമ്മ അവനെ കണ്ടില്ല. ബാപ്പ മലർന്നാണ് കിടക്കുന്നത് ബാപ്പ കൂർക്കം വലിക്കുന്നു. ബാപ്പയുടെ നെഞ്ച് താഴുകയും പൊന്തുകയും ചെയ്യുന്നു.

ഇപ്പോൾ സർക്കസ് കൂടാരത്തിൽ പാട്ടില്ല.

ജന്തു കൂടാരത്തിലുണ്ടോ? ഭൂമിക്കടിയിലേക്ക് താണുപോയോ? അത് ഉറങ്ങുമോ? പോത്തിനെപ്പോലെയാണോ കിടക്കുക.

അന്നേരം-

അവൻ കേട്ടു. അവൻ ചെവിടോർത്തു. അവന്റെ പേര് പതുക്കെ വിളിക്കുന്നു. ജന്തുവിന് അവന്റെ പേര് മാത്രമറിയാം. ഉമ്മയുടെ പേര് ജന്തുവിനറിയില്ല. ബാപ്പയുടെ പേരറിയില്ല. കുട്ടീ, കുട്ടീ....

കുട്ടി കിടക്കയിൽ നിന്ന് ചാടിയെണീറ്റു. അവന്റെ കാല് പറയുന്നു; വാ. വാ, സർക്കസ് കൂടാരത്തിലേക്കു വാ.. പേടിക്കേണ്ട ഞങ്ങളുണ്ട്. വേഗം. കുട്ടീ, കുട്ടീ....

അവൻ മുറിയിൽ പതുങ്ങി നടന്നു. മുറ്റത്തേക്കുള്ള വാതിൽ അടച്ചിരുന്നു. ജന്തുവിന്റെ വിളി കാതിൽ തുളച്ചുകയറുകയായിരുന്നു. അവൻ തപ്പിപ്പിടഞ്ഞു നടന്നു. കാൽ തട്ടി വീണത് കസേരയാണ്. എന്തൊരു ശബ്ദം. ഇപ്പോൾ ഉണരും ഉമ്മ, ഇപ്പോൾ ഉണരും ബാപ്പ. അവർ അവനെ പിടിക്കും. അവൻ പടച്ചോനെ വിളിച്ചു. ആരോ ചെകിട്ടിൽ പറയുന്നു. വാതിലിന്റെ നേരെ കസേര നീക്കിയിട്ടോ. വേഗം. അവനതിൽ കയറി. താഴ് തൊടാം. ഒച്ചയുണ്ടാക്കാതെ അവൻ താഴു നീക്കി. വാതിൽ ചിരിച്ചു തുറന്നു. ആകാശത്തിൽ നക്ഷത്രങ്ങൾ.

ഒഴിഞ്ഞ മുറ്റത്തൂടെ ഇളം വെളിച്ചത്തിൽ അവന്റെ കാലുകൾ മുന്നോട്ടവനെ കൊണ്ടുപോയി. അവനറിയില്ലായിരുന്നു. വരൂ. വരൂ. പൊളിഞ്ഞ മതിലു കടന്ന് അവൻ ഓടി. കിതച്ചാണവൻ സർക്കസ് കൂടാരത്തിന്റെ മുന്നിലെത്തിയത്. തുറന്നിട്ട കൂടാരത്തിനപ്പുറം കൂടുകൾ കാണാമായിരുന്നു.

പതുങ്ങിപ്പതുങ്ങി കുട്ടി കൂടാരത്തിൽ കയറി. അവിടെ അഞ്ചാറാളുകൾ കസേരയിൽ ഇരുന്ന് വർത്തമാനം പറയുന്നു. സർക്കസ്സുകാരനാണ് ഉറക്കെ പറയുന്നത്. അവൻ ജന്തുവിനെക്കുറിച്ച് പറയുകയായിരുന്നു. അവർക്ക് സ്ഥലം വിടണം. ജന്തുവിനെയും കൊണ്ട് നാടായ നാടുചുറ്റി....

-നാൽപ്പത്തേഴു മീറ്റർ നീളം, എൺപത്തിനാല് ടൺ തൂക്കം. അന്റാർട്ടിക്കയിൽ നിന്നു കൊണ്ടുവന്ന പ്രാകൃതജന്തു... അദ്ഭുതജന്തു... വരുവിൻ കാൺമിൻ, രസിപ്പിൻ...

-ടിക്കറ്റ് കൗണ്ടറിൽ ഒരു പ്ലാറ്റൂൺ പട്ടാളം വേണം.

കൂട്ടച്ചിരി കുട്ടി കേട്ടു. അവൻ പാഞ്ഞു. കൂടിനു മുമ്പിൽ നിന്നു. ഹാവു ജന്തു ഉറങ്ങിയിട്ടില്ല. കൂട് തുറന്നിടണം. എവിടെയെങ്കിലും പൊയ്ക്കോട്ടെ! സർക്കസ്സുകാരന്റെ കൂടെ പോകണ്ട. കൂട് ആമപ്പൂട്ടിട്ടു പൂട്ടിയിരിക്കുന്നു.

കുട്ടി ജന്തുവിനോട് പറഞ്ഞു; കൂടു പൊളിക്കു.

ജന്തു അവനെ കണ്ട് കാലിട്ടടിക്കുകയും കൈയിട്ടടിക്കുകയും തലയാട്ടുകയും ചെയ്യുന്നു.

- മോനേ നീയെന്തിനു വന്നു?

നല്ല കാര്യം! ജന്തുവിന് വിവരമില്ല. കൂടു പൊളിക്കാൻ ജന്തുവിന് പറഞ്ഞുകൊടുക്കാൻ വേറെ ആരുണ്ട്?

കാലൊച്ച കേട്ട കുട്ടി തിരിഞ്ഞു. സർക്കസ്സു കാരുടെ വരവാണ്. പടച്ചോനെ പറ്റിച്ചോ. ജന്തു തലതിരിച്ചുകളഞ്ഞു. കുട്ടി താർപ്പായയുടെ പിന്നി ലൊളിച്ചു. അവർ കൂടു നോക്കി പോകുമ്പോൾ പറ യുന്നു:

-നാശം കൂടു പൊളിക്കുമോ?

-നട്ടപ്പാതിരയ്ക്ക് ഒളിച്ചുകടത്തിയാലേ രക്ഷ യുള്ളു. കള്ളൻ. സർക്കസ്സുകാരൻ. അവന്റെ ചന്തി ക്കടിക്കണം. അടിച്ചടിച്ചു പായിക്കണം.

ജന്തുവിനോട് അവൻ ചോദിച്ചു. പാൽ കുടി ച്ചോ. ഇല്ല. പഴം തിന്നോ. ഇല്ല. വിശക്കുന്നില്ലേ? ജന്തു തലയിളക്കി. അവൻ ട്രൗസറിന്റെ കീശയിൽ കയ്യിട്ടു. പുറത്തേക്കെടുത്തു മാമ്പഴം. അവൻ കര ഞ്ഞപ്പോൾ ഉമ്മ കൊടുത്തതായിരുന്നു. അവൻ അഴികൾക്കിടയിലൂടെ മാമ്പഴം നീട്ടി. ജന്തു തല താഴ്ത്തിക്കൊടുത്തു. ജന്തുവിന്റെ വായിൽ മാങ്ങ. ഉം! അണ്ടിയോടെ ഒറ്റ വിഴുങ്ങൽ. അയ്യേ അണ്ടി ആരെങ്കിലും തിന്നുമോ? വിവരമില്ല. ജന്തു വീണ്ടും വായ തുറക്കുന്നു. വിശക്കുന്നുണ്ട് അല്ലേ? അവൻ അറിയാതെ കരഞ്ഞുപോയി. ജന്തുവും കരയുന്നു.

അവർ രണ്ടു ചങ്ങാതിമാരും ഒപ്പം കരഞ്ഞി രുന്നു.

കരയരുത് ജന്തു. ഞാൻ കരയുമ്പോൾ ഉമ്മ കഥ പറയാറുണ്ടായിരുന്നു. കഥ തുടങ്ങുമ്പോഴും ഞാൻ കരയും. പിന്നേയ് കഥ കേട്ട് കരയാൻ മറ ക്കും. ഞാനൊരു കഥ പറയാം. ഉമ്മ പറഞ്ഞുത ന്നതാണ്.

ഒരു കാക്കയുണ്ടായിരുന്നു പണ്ട്. ഒരു കുറു ക്കനുണ്ടായിരുന്നു പണ്ട്. കാക്കയുടെ കൊക്കിൽ ഒരു നെയ്യപ്പം ഉണ്ടായിരുന്നു. കുറുക്കനതു കണ്ട് കൊതി തോന്നിയല്ലോ. കുറുക്കൻ താളക്കാരനാ യിരുന്നു. കാക്കെ. പൊന്നുമോളെ, നിന്റെ പാട്ടു കേട്ടിട്ട് എത്ര നാളായി. ഒന്നു പാടു മോളെ. പാടാൻ കാക്ക കൊക്കു വിടർത്തിയപ്പോൾ ച്ലിം.

നെയ്യപ്പം താഴെ. അതും കടിച്ച് കുറുക്കൻ ഒരോട്ടം.

പാവം കാക്ക.

നീ ചിരിക്കുന്നില്ലേ?

**എൻ.പി.യുടെ കഥകൾ]**

**[എൻ.പി. മുഹമ്മദ്**

## അവധാരണചോദ്യങ്ങൾ

- ജന്തുവിനെ കണ്ട കുട്ടിയുടെയും മുതിർന്ന വരുടെയും പ്രതികരണങ്ങൾ തമ്മിലുള്ള വ്യത്യാസമെന്ത്?
- ഭൂമി പിളർന്നു വന്ന ജന്തുവിന്റെ ആകൃതിയും പ്രകൃതിയും വർണിക്കുക.
- ജന്തുവിനെ സർക്കസ്സുകാർ കൊണ്ടുപോയ രംഗം വിവരിക്കുക.
- സർക്കസ്സുകാരന്റെ വരവും തങ്ങപ്പാപ്പയുടെ വരവും കഥാകാരൻ വർണിക്കുന്നത് താര തമ്യം ചെയ്യുക.
- 'ലോകാവസാനം' എന്ന ചെറുകഥയ്ക്ക് ഭ്രമാ ത്മകമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഥാ കൃത്ത് ഉപയോഗിക്കുന്ന മാർഗങ്ങൾ എന്ത്?
- ലോകാവസാനത്തിന്റെ സൂചന പോലും തങ്ങൾക്ക് സാമ്പത്തികനേട്ടമുണ്ടാക്കാൻ ചിലർ ഉപയോഗപ്പെടുത്തുന്നു. - എൻ.പി. മുഹമ്മദ് എങ്ങനെ വെളിപ്പെടുത്തുന്നു.

■

## പഠനപ്രവർത്തനങ്ങൾ

### ❑ അലങ്കാരഭംഗി കണ്ടെത്തുക

- "ഒറ്റക്കണ്ണൻ രാക്ഷസനെപ്പോലെ നിലാവുദിച്ച ആകാശം മീതെനിന്ന് തുറിച്ചു നോക്കുന്നു".

**(കാവൽ)**

- "ഇപ്പോൾ ഇലകൾ അനങ്ങുന്നില്ല. ആളുകളുടെ നാവുകൾ ഇല്ലാതായിരിക്കുന്നു".

**(ലോകാവസാനം)**

- ഇതുപോലെ അനുഭവത്തെ സൂക്ഷ്മവും മൂർത്തവുമാക്കാനായി ഭാഷാപ്രയോഗത്തിൽ സ്വീകരിച്ചിരിക്കുന്ന സവിശേഷതകൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്തുക.

### ❑ പത്രറിപ്പോർട്ടു തയാറാക്കുക

- "ആന വിളവ് നശിപ്പിച്ചു."
- "അത്ഭുതജന്തു പ്രത്യക്ഷപ്പെട്ടു. ലോകാവസാന ലക്ഷണം."

### ❑ വാർത്ത തയാറാക്കുക

- അത്ഭുതജന്തു പ്രത്യക്ഷപ്പെട്ട സ്ഥലത്തുനിന്ന് ടി.വി. വാർത്തകൾക്കിടയിൽ നൽകുവാൻ പ്രതിനിധി നടത്തുന്ന സംഭാഷണം തയാറാക്കുക.

### ❑ ശില്പശാല

- ചെറുകഥാ രചനയ്ക്ക് ഒരു ശില്പശാല സംഘടിപ്പിക്കുക. ശില്പശാലയിൽ രൂപപ്പെടുന്ന ചെറുകഥകൾ ഒരു പതിപ്പാക്കുക.

### ❑ കുറിപ്പെഴുതുക

- ഒമ്പതാം ക്ലാസ്സിൽ നിങ്ങൾ പഠിച്ച ചെറുകഥകൾ പരിശോധിച്ച് അവയുടെ രചനാ സങ്കേതങ്ങൾ വിശകലനം ചെയ്യുക. (കഥാകാരൻ നേരിട്ടു കഥ പറയുന്നു/കഥാപാത്രം കഥ പറയുന്നു തുടങ്ങിയവ).
- ചെറുകഥയിൽ ഭാഷയുടെ ഉചിതമായ പ്രയോഗംകൊണ്ട് കാവ്യാത്മകത ജനിപ്പിക്കാൻ കഴിയും - ഉദാഹരിക്കുക.

### ❑ ചെറുകഥാരചന

- നിങ്ങൾ കണ്ട ഭ്രമാത്മകമായ ഒരു സ്വപ്നം ചെറുകഥാരൂപത്തിൽ ആവിഷ്കരിക്കുക.

### ❑ കഥയരങ്ങ്

തിരഞ്ഞെടുത്ത കഥകൾ അവതരിപ്പിക്കുക. കഥാനിരൂപണവും ചർച്ചയും സംഘടിപ്പിക്കുക. ചില കഥകൾ:

| | | |
|---|---|---|
| വനവാസം | - | ടി.പത്മനാഭൻ |
| കളിപ്പാട്ടങ്ങൾ | - | സക്കറിയ |
| ഹിഗ്വിറ്റ | - | എൻ.എസ്.മാധവൻ |

### ❑ നോവൽപഠനം

താഴെ പറയുന്നവയിൽ ഏതെങ്കിലും ഒരു നോവലിന്റെ പഠനം തയാറാക്കുക.

- ഇന്ദുലേഖ - ചന്തുമേനോൻ
- രണ്ടിടങ്ങഴി - തകഴി
- ഉമ്മാച്ചു - ഉറൂബ്
- ഖസാക്കിന്റെ ഇതിഹാസം - ഒ.വി.വിജയൻ
- മയ്യഴിപ്പുഴയുടെ തീരങ്ങളിൽ - എം.മുകുന്ദൻ
- ഇവാൻ ഇല്ലിച്ചിന്റെ മരണം -ടോൾസ്റ്റോയി

### ❑ ശീർഷകം നൽകുക

താഴെ കൊടുത്തിട്ടുള്ള നോവൽഭാഗം വായിച്ച് ഉചിതമായ ശീർഷകം നൽകുക.

അന്ന ധൃതിയിൽ അണിഞ്ഞൊരുങ്ങി. പിതാവ് മരിച്ചതിന്റെ ദു:ഖം തീർന്നിട്ടില്ലാത്തതുകൊണ്ട് അലങ്കാരത്തയ്യലുകളില്ലാത്ത കറുത്ത വസ്ത്രങ്ങളാണ് അവൾ ധരിച്ചത്. വലിയ ആഡംബരമെന്നൊന്നും തോന്നിപ്പിക്കരുത്. എന്നാൽ ആകർഷകമായിരിക്കുകയും വേണം. അത്രയേ അവൾ വിചാരിച്ചുള്ളു. ആരുടെ അടുത്തേക്കാണ് പോകുന്നതെന്നറിയാം. ആദ്യത്തെ കാഴ്ചയിൽത്തന്നെ ഒരു മതിപ്പു തോന്നിപ്പിക്കണം.

വാച്ചിൽ നോക്കുമ്പോൾ മണി പതിനൊന്നായിരിക്കുന്നു. അന്ന അടുക്കളവാതിൽക്കൽ ചെന്ന് അമ്മയോടു യാത്ര പറഞ്ഞു. കൃത്യം പതി

നൊന്നരയ്ക്ക് അവിടെ എത്തണം. അതിന് മുൻപോ പിൻപോ ആകരുത്. അക്കാര്യം ഓൾഖിൻ പ്രത്യേകം ഓർമിപ്പിച്ചിരുന്നു.

ധൃതിവയ്ക്കേണ്ട കാര്യമൊന്നുമില്ല. അരമണി ക്കൂറിനുള്ളിൽ നടന്നെത്താവുന്ന ദൂരമേ ഉള്ളൂ ഇവി ടന്നങ്ങോട്ട്.

എന്തെങ്കിലും ഒരു ജോലി സമ്പാദിച്ച് സ്വതന്ത്ര മായി ജീവിക്കണമെന്ന് അന്ന നേരത്തേ തന്നെ ആഗ്ര ഹിച്ചിരുന്നു. വീട്ടിലെ സ്ഥിതിയൊക്കെ മോശമാണ്. പിതാവ് മരിച്ചിട്ട് ഒരു വർഷമാകാൻ പോകുന്നു. കാലം കടന്നുപോകുന്നത് അറിയുന്നില്ല. ബുദ്ധിമു ട്ടുകളുണ്ടായിരുന്നെങ്കിലും പിതാവ് അതാരെയും അറിയിച്ചിരുന്നില്ല. ഒരിടത്തരക്കാരന്റെ ജീവിത ത്തിലെ സന്തോഷങ്ങൾ നിലനിർത്താൻ പിതാവ് എത്രമാത്രം കഷ്ടപ്പെട്ടിരുന്നെന്ന് പിന്നീടാണ് കുടും ബത്തിൽ എല്ലാവർക്കും ബോധ്യമായത്. പിതാ വിന്റെ മരണം പൊടുന്നനെ തങ്ങളുടെ ജീവിതത്തി ലുണ്ടാക്കിയ അഗാധമായ ശൂന്യതയെക്കുറിച്ചോർക്കു മ്പോൾ ഇപ്പോൾ അവൾ നടുങ്ങുന്നു.

ഒരാൾ പോകുമ്പോൾ അയാളോടൊപ്പം മറ്റെ ന്തൊക്കെയോ കൂടി പോകുന്നു. ഒരാളുടെ മരണം അയാളുടെ മാത്രം കാര്യമാണോ?

അന്നയ്ക്കറിയാം പിതാവിന്റെ മരണം കൂടുതൽ ബാധിച്ചത് അമ്മയെയാണ്. അമ്മ ഇപ്പോൾ ജീവി ക്കുന്നത് സ്വന്തം ഹൃദയത്തിന്റെ ഇരുട്ടിലും ഏകാ ന്തതയിലുമാണ്.

ഇനി ആരാണ് കുടുംബത്തിന് താങ്ങായിട്ടു ള്ളത്? അനുജത്തി പഠിത്തം നിർത്തി. അവൾക്ക് പക്ഷേ, അതിൽ സങ്കടമൊന്നുമില്ല. അനുജൻ കാർഷികകോളേജിൽ പഠിക്കുന്നു. ഇനി എത്രനാൾ കഴിഞ്ഞാലാണ് കുടുംബത്തിന്റെ ഭാരം താങ്ങാൻ അവന്റെ ചുമലുകൾക്കു കരുത്തുണ്ടാകുന്നത്?

മെഡിസിനു പഠിക്കണമെന്നായിരുന്നു അന്ന യ്ക്ക്. പിതാവിന്റെ മരണത്തോടെ ആ സ്വപ്നം തകർന്നു.

ആ സ്വപ്നമല്ല, ജീവിതത്തെ സംബന്ധിച്ച എല്ലാ സ്വപ്നങ്ങളും തകർന്നെന്നാണ് ആദ്യം തോന്നിയ ത്. അങ്ങനെയൊന്നും ദു:ഖിച്ചിരുന്നിട്ടു കാര്യമി ല്ലെന്ന് ബോധ്യമാവാൻ കുറെ സമയമെടുത്തു. അതിൽ പിന്നെയാണ് അന്ന അടുത്തുള്ള ഓൾഖിന്റെ സ്കൂളിൽ സ്റ്റെനോഗ്രാഫി പഠിക്കാൻ ചേർന്നത്. സ്റ്റെനോഗ്രാഫി പഠിച്ചാൽ ജോലി കിട്ടാൻ എളുപ്പമുണ്ടെന്ന് അവൾക്കറിയാമായിരുന്നു. ചെറിയ മോഹങ്ങളിൽ ജീവിതം ഒതുക്കിനിർത്തു വാൻ അന്ന സ്വന്തം ഹൃദയത്തെ ഓർമിപ്പിച്ചു.

ഇന്നലെ, അന്ന ഓർക്കുന്നു, വൈകി വരുന്ന കൂട്ടുകാർക്കുവേണ്ടി ഇൻസ്റ്റിറ്റ്യൂട്ടിൽ കാത്തിരിക്കു മ്പോൾ പ്രിൻസിപ്പാൾ ഓൾഖിൻ അടുത്തുവന്ന് ബഞ്ചിന്റെ ഒരറ്റത്തിരുന്നു ചോദിച്ചു :

"ഒരാൾക്കു കുറച്ചു നാളത്തേക്ക് ഒരു സ്റ്റെനോ ഗ്രാഫറെ വേണമെന്നു പറഞ്ഞു. പ്രതിഫലം കിട്ടുന്ന കാര്യമാണ്. അന്നയ്ക്ക് താൽപര്യമുണ്ടോ?

താൽപര്യമുണ്ടോ എന്ന്! സത്യത്തിൽ ഓർക്കാ പ്പുറത്ത് ഒരു ഭാഗ്യം തന്നെ അന്വേഷിച്ചു വന്നതു പോലെയാണ് അന്നയ്ക്ക് തോന്നിയത്. നിഗൂഢമായ ഒരാഹ്ലാദം കൊണ്ട് അവളുടെ മനസ്സ് തുളുമ്പി. എങ്കിലും മറ്റൊരു സംശയം പെട്ടെന്ന് അവളുടെ ഉള്ളിൽ ഒരു മിന്നൽപ്പിണരുണ്ടാക്കി.

ആർക്കാണ് സ്റ്റെനോഗ്രാഫറെ വേണ്ടത്? ആ ആളിന് തന്റെ ജോലി ഇഷ്ടപ്പെട്ടെന്നു വരുമോ? .........

ഓൾഖിൻ ചോദിച്ചു :

"നീ ദസ്തയേവ്സ്കിയെ കേട്ടിട്ടില്ലേ? പ്രസി ദ്ധനായ ഒരു നോവലിസ്റ്റാണ്. എന്റെ സുഹൃത്തും. അദ്ദേഹം ഒരു പുതിയ നോവലിന്റെ രചനയിലാണ്. പെട്ടെന്ന് വേണമെന്നുള്ളതുകൊണ്ട് ചുരുക്കെഴുത്ത റിയാവുന്ന ഒരാളെ കിട്ടിയാൽ കൊള്ളാമെന്നുണ്ട് അദ്ദേഹത്തിന്."

ദസ്തയേവ്സ്കിയെന്നു കേട്ടപ്പോൾ അന്നയുടെ ഹൃദയത്തിൽ ഒരാന്തലുണ്ടായി. അവൾ അദ്ദേഹ ത്തെക്കുറിച്ച് കുട്ടിക്കാലം തൊട്ടേ കേട്ടിരുന്നു. ദസ്ത യേവ്സ്കി അവളുടെ പിതാവിന്റെ പ്രിയപ്പെട്ട എഴു ത്തുകാരനായിരുന്നു. ദസ്തയേവ്സ്കിയെയും അയാളുടെ നോവലുകളെയും കുറിച്ച് തന്റെ പിതാവ് അദ്ഭുതാദരങ്ങളോടെ പറയാറുണ്ടായിരുന്നത് അന്ന ആ നിമിഷം ഓർത്തു: 'പാവപ്പെട്ടവ'രും 'മരിച്ച വീടും' വായിച്ച് അവൾ കരഞ്ഞിട്ടുണ്ട്.

അന്നയ്ക്ക് മറ്റൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. അവൾ സമ്മതിച്ചു. തന്റെ അമിതാഹ്ലാദം ഓൾഖിന്റെ കണ്ണിൽപ്പെടാതിരിക്കാൻ അവൾ മനസ്സിരുത്തി.

വീട്ടിൽച്ചെന്ന് അമ്മയോടു പറഞ്ഞപ്പോൾ ഒന്നുമോർക്കാതെ അമ്മയും പറഞ്ഞത് അതെന്തോ ഒരു ഭാഗ്യമാണെന്നാണ്. അന്നു രാത്രി അന്ന ഉറങ്ങിയില്ല. ഹൃദയംകൊണ്ടാരാധിക്കുകയും എന്നാൽ ജീവിതത്തിൽ എന്നെങ്കിലും കണ്ടുമുട്ടാനിടവരുമെന്നു സ്വപ്നത്തിൽ പോലും ഓർക്കാതിരിക്കുകയും ചെയ്ത ഒരു മഹാത്മാവിന്റെ അടുത്തേക്കാണ് നാളെ തന്റെ യാത്ര.

കാഴ്ചയിൽ ദസ്തയേവ്സ്കി എങ്ങനെ ഇരിക്കും? അന്ന മനസ്സിൽ ഓരോ രൂപം സങ്കല്പിച്ചു. തടിച്ച് പൊക്കം കുറഞ്ഞ് തന്റെ പിതാവിന്റെ പ്രായം വരുന്ന ഒരാൾ. അല്ലെങ്കിൽ മെലിഞ്ഞ് പൊക്കം കൂടിയിട്ട് അഗാധമായ കണ്ണുകളോടു കൂടിയ ഒരാൾ. അല്ലെങ്കിൽ കഷണ്ടിയും താടിയുമുള്ള ഒരാൾ. വിഷാദം നിഴലിട്ട അഗാധമായ കണ്ണുകളുടെ കാര്യത്തിൽ അവൾക്ക് യാതൊരു സംശയവുമില്ല. ആ കണ്ണുകൾ അങ്ങനെ തന്നെയായിരിക്കും. അങ്ങനെ ഒരു വിശ്വാസം ഉറയ്ക്കാൻ എന്താണ് കാരണമെന്ന് ഇടയ്ക്ക് ചിന്തിച്ചപ്പോൾ 'പാവപ്പെട്ടവ'രിലെ ഡെവൂഷ്കിനും വാരങ്കായും അവളുടെ മനസ്സിൽ തെളിഞ്ഞുവന്നു. കണ്ണീരൊഴുക്കിക്കൊണ്ടാണ് താൻ അവരുടെ കഥയെഴുതിയതെന്ന് ദസ്തയേവ്സ്കി എവിടെയോ എഴുതിയിരുന്നു.

**ഒരു സങ്കീർത്തനം പോലെ)**

**(പെരുമ്പടവം ശ്രീധരൻ**

## ❑ മാറ്റിയെഴുതുക

മുകളിൽ കൊടുത്ത നോവൽഭാഗം നിങ്ങളുടെ കാഴ്ചപ്പാടിൽ മാറ്റിയെഴുതുക.

## ❑ സാഹിത്യചരിത്രം

മലയാള നോവൽ സാഹിത്യത്തിന്റെ വളർച്ച വിശകലനം ചെയ്യുന്ന ഉപന്യാസം പരിചയപ്പെട്ടല്ലോ. ഇതുപോലെ വിവിധ കാലഘട്ടങ്ങളിലെ ചെറുകഥകൾ ശേഖരിച്ച് ഒരു സാഹിത്യചരിത്രലേഖനം തയാറാക്കുക. വിവരശേഖരണത്തിന് അവലംബിക്കാവുന്ന ഗ്രന്ഥങ്ങൾ :

ചെറുകഥ ഇന്നലെ, ഇന്ന് - എം. അച്യുതൻ

നൂറു വർഷം നൂറു കഥ -
(സമ്പാ:) ഡോ.കെ.എസ്. രവികുമാർ

## ❑ പരസ്യങ്ങളിലെ ഭാഷ

വിവിധ ഉൽപന്നങ്ങളുടെ പരസ്യങ്ങൾക്കായി ഉപയോഗിക്കുന്ന വാക്യങ്ങൾ ശേഖരിക്കുക. അവയിൽ കൂടുതൽ ഫലപ്രദമായിത്തോന്നുന്നവ തിരഞ്ഞെടുക്കുക. സവിശേഷതകൾ കുറിക്കുക. ഏറ്റവും ശക്തമായി ആശയവിനിമയം നടത്താൻ പരസ്യക്കാർ ഭാഷയെ എങ്ങനെ പ്രയോജനപ്പെടുത്തിയിരിക്കുന്നു എന്ന് വിശദമാക്കുക.

## ❑ കുറിപ്പെഴുതുക

- ഫ്ളാഷ്ബാക്ക്
- ചരിത്രാഖ്യായിക
- ഇതിവൃത്തം
- ആനുകാലിക പ്രസിദ്ധീകരണം

## ❑ ശാസ്ത്രലേഖനം എഴുതുക

ശാസ്ത്രപുസ്തകങ്ങളിലെ വിവരങ്ങളെ അടിസ്ഥാനമാക്കി താഴെ പറയുന്ന വിഷയങ്ങളിൽ ഏതെങ്കിലും ഒന്നിനെക്കുറിച്ച് രസകരമായ ലേഖനം തയാറാക്കുക.

- ജൈവവൈവിധ്യം
- സൂക്ഷ്മജീവികൾ
- സസ്യലോകത്തെ വൈവിധ്യം
- രസതന്ത്രം നിത്യജീവിതത്തിൽ
- ഇലക്ട്രോണിക്സിന്റെ സ്വാധീനം വാർത്താവിനിമയരംഗത്തുണ്ടാക്കിയ മാറ്റങ്ങൾ
- ആകാശഗോളങ്ങളുടെ അദ്ഭുതലോകം

## ❑ ഉപന്യാസം തയാറാക്കുക

കാർഷിക ജീവിതത്തിന്റെ ആവിഷ്കരണം മലയാളസാഹിത്യത്തിൽ

പരിശോധിക്കേണ്ട രചനകൾ

കാവൽ - പി. വത്സല

ശബ്ദിക്കുന്ന കലപ്പ - പൊൻകുന്നം വർക്കി

പുത്തൻകലവും അരിവാളും - ഇടശ്ശേരി

## ☐ ഭാഷാഭേദങ്ങൾ കണ്ടെത്തുക

കാവൽ എന്ന ചെറുകഥയിൽ വയനാട്ടിലെ ഒരു ജനവിഭാഗത്തിന്റെ ഭാഷാപ്രയോഗം കാണാം. ചെമ്മീനിൽ മറ്റൊരു ജനവിഭാഗത്തിന്റെ ഭാഷ കാണാം. പരിചിതമായ മറ്റു കൃതികൾ പരിശോധിച്ച് ഭാഷയിലെ വൈവിധ്യം കണ്ടെത്തുക. ശേഖരിച്ച ഭാഷാഭേദരൂപങ്ങളെ തരംതിരിക്കുക.

- തൊഴിലുമായി ബന്ധപ്പെട്ടവ
- ആചാരങ്ങളുമായി ബന്ധപ്പെട്ടവ
- ഭക്ഷണരീതിയുമായി ബന്ധപ്പെട്ടവ
- ബന്ധങ്ങളെ സൂചിപ്പിക്കുന്നവ
- വാസസ്ഥലങ്ങളെക്കുറിക്കുന്നവ
- അഭിസംബോധനകൾ

## ☐ സമാസം

താഴെ കൊടുത്തിരിക്കുന്ന വാക്യങ്ങൾ താരതമ്യപ്പെടുത്തി സവിശേഷതകൾ കണ്ടെത്തുക

ഗംഗയുടെ തീരത്താണ് കാശി എന്ന നഗരം സ്ഥിതി ചെയ്യുന്നത്.

ഗംഗാതീരത്താണ് കാശീനഗരം സ്ഥിതി ചെയ്യുന്നത്.

രണ്ടാം വാക്യത്തിനാണ് കൂടുതൽ ഭംഗിയും ഒതുക്കവും ഉള്ളതെന്നു തോന്നുന്നില്ലേ. എന്തുകൊണ്ട് ?

ഗംഗയുടെ തീരം എന്നു പറയുന്നതിനു പകരം ഗംഗാതീരമെന്നും കാശി എന്ന നഗരം എന്നു പറയന്നതിനുപകരം കാശീനഗരം എന്നും പറയുമ്പോൾ നാം രണ്ടു പദങ്ങൾ കൂട്ടിച്ചേർത്ത് ഒറ്റപ്പദമാക്കുകയാണല്ലോ ചെയ്യുന്നത്.

ഇങ്ങനെ സമാസിക്കുന്നതിലൂടെ കാര്യങ്ങൾ ഒതുക്കിപ്പറയാൻ കഴിയുന്നു.

മറ്റൊരു മാതൃക നോക്കുക:

ഒരു കറുത്ത പശുവിന്റെ കുട്ടി മൈതാനത്തിൽ മേഞ്ഞുനടക്കുന്നു.

ഒരു കറുത്ത പശുക്കുട്ടി മൈതാനത്തിൽ മേഞ്ഞുനടക്കുന്നു.

ഈ വാക്യങ്ങളിൽ ആദ്യത്തേതിൽ പശുവാണോ കുട്ടിയാണോ കറുത്തത് എന്നു സംശയം തോന്നും. പശുക്കുട്ടി എന്നു സമാസിക്കുമ്പോൾ സംശയമില്ല.

സമാസിക്കുന്നതിലൂടെ അർഥശങ്ക ഒഴിവാക്കാൻ കഴിയുന്നു.

താഴെ കൊടുത്തിട്ടുള്ള സമസ്തപദങ്ങളുടെ സവിശേഷതകൾ കണ്ടെത്തുക:

തലവേദന - തലയിലെ വേദന

മരക്കൊമ്പ് - മരത്തിന്റെ കൊമ്പ്

തല, വേദന എന്നീ പദങ്ങൾ ഒറ്റയ്ക്കെടുത്തു നോക്കിയാൽ തലയ്ക്കാണ് പ്രാധാന്യം. അതുപോലെ മരം, കൊമ്പ് എന്നിവയിൽ മരത്തിനും. എന്നാൽ സമാസിക്കുന്നതോടെ വേദനയും കൊമ്പും പ്രധാനപദങ്ങളായിത്തീരുകയും തലയും മരവും വിശേഷണ സ്ഥാനത്തേക്കു മാറുകയും ചെയ്യുന്നു. മാത്രമല്ല, തലവേദന എന്ന സമസ്തപദത്തിന് ഒരു പ്രത്യേക അർഥവും കിട്ടുന്നു. തലയിൽ പരിക്കോ മറ്റോ പറ്റി ഉണ്ടാകുന്ന വേദന തലവേദനയല്ലല്ലോ.

സമാസിക്കുന്നതിലൂടെ പ്രധാന പദത്തെ അപ്രധാന പദമാക്കുന്നതിനും അപ്രധാന പദത്തെ പ്രധാന പദമാക്കുന്നതിനും കഴിയുന്നു.

താഴെ കൊടുത്തിരിക്കുന്ന സമസ്തപദങ്ങളുടെ സവിശേഷതകൾ നോക്കുക :

ചക്കച്ചുള, തേങ്ങാപ്പുര, മാങ്ങയണ്ടി

(നാമം + നാമം)

കല്ലുവെട്ട്, തലക്കെട്ട്

(നാമം + ക്രിയാനാമം)

പണിശാല, നിലംതല്ലി

(നാമം + ക്രിയ)

അടിപിടി, കൊത്തുപണി

(വിശേഷണം + നാമം)

മറ്റു ചില സമസ്ത പദങ്ങൾ നോക്കുക :

കണ്ണുകടി, ചുവപ്പുനാട, ഊമക്കത്ത്

രക്തസാക്ഷി, കൈക്കൂലി

കേട്ടുകേൾവി, നാട്ടുവെളിച്ചം, പച്ചവെള്ളം

ഘടകപദങ്ങളുടെ അർഥത്തിൽ നിന്നു വ്യത്യസ്തമായ ഒരു സവിശേഷ അർഥമാണ് ഈ സമസ്തപദങ്ങൾക്ക് ഉള്ളത്. ഇവയിൽ ചിലതെല്ലാം ശൈലികളായിത്തീർന്നിട്ടുണ്ട്.

കൂടുതൽ സമസ്ത പദങ്ങൾ ശേഖരിച്ച് അപഗ്രഥിക്കുക. സവിശേഷതകൾ കുറിക്കുക.

**സർവനാമം**

താഴെ കൊടുത്തിട്ടുള്ള വാക്യമാതൃകകൾ താരതമ്യം ചെയ്ത് സവിശേഷതകൾ കണ്ടെത്തുക.

- രാമു നല്ല കുട്ടിയാണ്. രാമു അഞ്ചാം ക്ലാസിൽ പഠിക്കുന്നു

  - രാമു നല്ല കുട്ടിയാണ്. അവൻ അഞ്ചാം ക്ലാസിൽ പഠിക്കുന്നു.

- റോസി നല്ല കുട്ടിയാണ്. റോസി ആറാം ക്ലാസിൽ പഠിക്കുന്നു.

  - റോസി നല്ല കുട്ടിയാണ്. അവൾ ആറാം ക്ലാസിൽ പഠിക്കുന്നു.

രാമുവിനു പകരം അവൻ എന്നും റോസിക്കു പകരം അവൾ എന്നും പ്രയോഗിച്ചപ്പോൾ വാക്യഭംഗി കൂടുന്നതായി അനുഭവപ്പെടുന്നില്ലേ.

അവൻ എന്ന പദം ഏത് ആൺകുട്ടിക്കും പകരം പ്രയോഗിക്കാം. അതുപോലെ അവൾ എന്ന പദം ഏതു പെൺകുട്ടിക്കും പകരം പ്രയോഗിക്കാം. കൂടുതൽ ബഹുമാനം കാണിക്കേണ്ടി വരുമ്പോൾ അയാൾ, അദ്ദേഹം എന്നും മറ്റും പ്രയോഗിക്കുന്നു.

സംസാരിക്കുന്ന ആൾക്കു പകരം ഞാൻ, ഞങ്ങൾ, നമ്മൾ, നാം മുതലായ പദങ്ങളും ആരോടു സംസാരിക്കുന്നുവോ ആ വ്യക്തിക്കുപകരം നീ, നിങ്ങൾ താൻ, താങ്കൾ, അങ്ങ്, അവിടുന്ന് മുതലായ പദങ്ങളും ഉപയോഗിക്കുന്നു. ഇങ്ങനെ എല്ലാ നാമത്തിനും പകരം ഉപയോഗിക്കുന്നതുകൊണ്ട് ഇവയ്ക്ക് സർവനാമം എന്നു പറയുന്നു.

ഞങ്ങൾ -നമ്മൾ എന്നീ പദങ്ങളുടെ അർഥവ്യത്യാസം ശ്രദ്ധിക്കുക

ഞങ്ങൾ അഞ്ചുപേരോടുകൂടി നിങ്ങൾ മൂന്നുപേരും ചേർന്നാൽ നമ്മൾ എട്ടുപേരായി

കേൾക്കുന്നവരെക്കൂടി ഉൾപ്പെടുത്തി പറയുമ്പോഴാണ് നമ്മൾ എന്നു പ്രയോഗിക്കുന്നത്. ഈ വ്യത്യാസം ഇംഗ്ലീഷിലോ ഹിന്ദിയിലോ ഇല്ല.

ആ, ഈ എന്നീ ചുട്ടെഴുത്തുകളും ( ചൂണ്ടിക്കാണിക്കുന്നവ ) ഏത്, എന്ത്, ആര് മുതലായ ചോദ്യസൂചക ശബ്ദങ്ങളും ചില, പല, മിക്ക, വല്ല മുതലായ പദങ്ങളും സർവനാമങ്ങൾ തന്നെ.

ചില സർവനാമങ്ങൾ അടുത്തോ ദൂരെയോ സ്ഥിതി ചെയ്യുന്ന ആളുകളെയോ വസ്തുക്കളെയോ ചൂണ്ടിക്കാണിക്കാൻ ഉപയോഗിക്കുന്നു.

അവൻ, അവൾ, അത് - ദൂരെയുള്ളത്.

ഇവൻ, ഇവൾ, ഇത്, - അടുത്തുള്ളത്.

അ, ഇ എന്നീ ചുട്ടെഴുത്തു ധാതുക്കളിൽ ലിംഗപ്രത്യയമോ വചനപ്രത്യയമോ ചേർത്ത് സർവനാമങ്ങൾ നിർമിക്കാം.

അ + അൻ - അവൻ

ഇ + അൻ - ഇവൻ

അ + അൾ - അവൾ

ഇ + അൾ - ഇവൾ

അ + അർ - അവർ

ഇ + അർ - ഇവർ

അ + ത് - അത്

ഇ + ത് - ഇത്.

മലയാളത്തിലെ സർവനാമങ്ങളുടെ സവിശേഷത വ്യക്തമാക്കുന്ന കുറിപ്പ് തയാറാക്കുക.

## ❑ അനുപ്രയോഗം

താഴെ കൊടുത്തിട്ടുള്ള വാക്യങ്ങൾ ശ്രദ്ധിക്കുക

സ്വാഗതം ആശംസിച്ചുകൊള്ളുന്നു.

കള്ളൻ ഓടിക്കളഞ്ഞു.

ആദ്യ വാക്യത്തിൽ സ്വാഗതം ആശംസിക്കുന്നതല്ലാതെ ഒന്നും കൊള്ളുന്നില്ല. രണ്ടാമത്തെ വാക്യത്തിൽ കള്ളൻ ഓടിയതല്ലാതെ ഒന്നും കളഞ്ഞിട്ടില്ല. പിന്നെ എന്തിനാണ് കൊള്ളുന്നു, കളഞ്ഞു എന്നീ പദങ്ങൾ ക്രിയയോടു ചേർത്തു പ്രയോഗിച്ചത്?

വക്താവിന്റെ വിനയവും ശ്രോതാക്കളോടുള്ള ആദരവും സൂചിപ്പിക്കാനാണ് കൊള്ളുന്നു എന്നു ചേർത്തത്.

നിങ്ങൾ പൊയ്ക്കൊളളൂ.

നിങ്ങൾ പൊയ്ക്കൊള്ളിൻ.

കളഞ്ഞു എന്നു ചേർക്കുന്നത് അപ്രതീക്ഷിതത്വമോ സാഹസികത്വമോ കാണിക്കാനാണ്.

അവൻ അങ്ങനെ പറഞ്ഞുകളഞ്ഞു

ക്രിയയിൽ ചില വിശേഷാർഥങ്ങൾ ജനിപ്പിക്കുന്നതിന് ചേർക്കുന്ന പദങ്ങൾക്ക് അനുപ്രയോഗം എന്നു പറയുന്നു.

മുൻപു കൊടുത്ത ഉദാഹരണങ്ങളിൽ ക്രിയയുടെ അർഥത്തിൽ ചില പരിഷ്കരണങ്ങൾ വരുത്തിയിരിക്കുകയാണ്.

അബ്ദു വന്നു.

അബ്ദു വന്നിരുന്നു.

അബ്ദു വന്നിട്ടുണ്ട്.

അബ്ദു വന്നിട്ടുണ്ടായിരുന്നു.

ഈ വക പ്രയോഗങ്ങളിൽ ക്രിയാപദത്തോട് ഇരുന്നു, ഇട്ടുണ്ട്, ഇട്ടുണ്ടായിരുന്നു എന്നും മറ്റും ചേർക്കുമ്പോൾ ക്രിയ നടന്ന കാലത്തിലാണ് ചില പരിഷ്കരണങ്ങൾ വരുത്തുന്നത്. ഇവയും അനുപ്രയോഗങ്ങൾ തന്നെ.

അവൻ പൊയ്ക്കളഞ്ഞു.

അവൻ പേന കളഞ്ഞു.

ആദ്യവാക്യത്തിൽ കളഞ്ഞു അനുപ്രയോഗമാണ്. രണ്ടാം വാക്യത്തിലോ? അനുപ്രയോഗമാകുന്നില്ല.

പല അനുപ്രയോഗങ്ങളും പൂർണക്രിയയായി പ്രയോഗിക്കാം.

അർഥം നോക്കിയാണ് അനുപ്രയോഗമോ ക്രിയയോ എന്നു തീരുമാനിക്കുന്നത്.

## ❑ കണ്ടെത്തുക

അനുപ്രയോഗങ്ങൾക്ക് കൂടുതൽ മാതൃകകൾ കണ്ടെത്തുക. അവ വാക്യാർഥത്തിൽ വരുത്തിയിട്ടുള്ള മാറ്റം വിവരിക്കുക.

## ❑ പദങ്ങൾ രൂപപ്പെടുത്താം

നാമപദങ്ങളിൽനിന്നും ക്രിയാപദങ്ങളിൽനിന്നും വിശേഷണപദങ്ങളിൽനിന്നും പുതിയ പദങ്ങൾ രൂപപ്പെടുത്താം.

മാതൃക:

- **നാമപദങ്ങളിൽ നിന്ന്**

  തെക്ക് - തെക്കൻ

  നാട് - നാടൻ

  ബുദ്ധി - ബുദ്ധിമതി

- **വിശേഷണപദങ്ങളിൽ നിന്ന്**

  വെൾ - വെൺമ

  ലളിതം - ലാളിത്യം

  കഠിനം - കാഠിന്യം

  നൽ - നന്മ

- **ക്രിയാപദങ്ങളിൽ നിന്ന്**

  പാടുക - പാട്ട്

  പറക്കുക - പറവ

  തുപ്പുക - തുപ്പൽ

  പകരുക - പകർച്ച, പകർപ്പ്, പകരം

  തീരുക - തീർപ്പ്, തീരുമാനം, തീർച്ച

ഇത്തരത്തിലുള്ള കൂടുതൽ മാതൃകകൾ പാഠഭാഗങ്ങളിൽനിന്ന് കണ്ടെത്തുക.

❁❁❁❁❁❁